بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 16

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്‌മായീൽ

www.akhbarbadrqadian.in

2016 ജൂൺ 23/ഹി:ശം:1395 ഇഹ്സാൻ 23/ഹി:ഖ: 1437 റമളാൻ 17

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. 2016 മെയ് 20 ന് ഗോട്ടൺബർഗിലെ(സ്വീഡൻ മസ്ജിദ് നാസ്വിറാബാദിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**പ്രതാപവാനായ അല്ലാഹു നബി(സ) തിരുമേനിയെ പിൻപറ്റുന്നതുമായി മോക്ഷത്തെ ബന്ധിപ്പിച്ചിരിക്കുന്ന സ്ഥിതിക്ക് ഈ ഖണ്ഡിതവചനങ്ങളിൽനിന്ന് പിന്തിരിഞ്ഞ് സദൃശവചനങ്ങളുടെ പിന്നാലെ ഓടുന്നത് വിശ്വാസവഞ്ചനയാണ്. ഹൃദയത്തിന് കപടത എന്ന രോഗം പിടിപ്പെട്ട ആളുകളാണ് സദൃശവചനങ്ങളുടെ പിന്നാലെ പായുന്നത്.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

(۱۵) قولہ تعالیٰ اَلَمۡ یَعۡلَمُوۡۤا اَنَّہٗ مَنۡ یُّحَادِدِ اللّٰہَ وَرَسُوۡلَہٗ فَاَنَّ لَہٗ نَارَ جَہَنَّمَ خَالِدًا فِیۡہَا ؕ ذٰلِکَ الۡخِزۡیُ الۡعَظِیۡمُ (الجزو نمبر ۱۰ سورۃ توبہ)

"അല്ലാഹുവിനേയും അവന്റെ ദൂതനേയും ആരെങ്കിലും എതിർക്കുന്നതായാൽ അല്ലാഹു അവനെ നരകത്തിലിടുമെന്ന് ഈ ആളുകൾ അറിയുകയില്ലേ? അവരതിൽ സദാ വസിക്കുന്നവരാണ്. ഇതൊരു വലിയ അപമാനമാകുന്നു." (9:63).

ഇനി മിയാൻ അബ്ദുൽ ഹക്കീം ഖാൻ തനിക്ക് ഇതിനെ സംബന്ധിച്ചുള്ള അഭിപ്രായം എന്താണെന്ന് പറയട്ടെ. അല്ലാഹുവിന്റെ ഈ കല്പന അദ്ദേഹം സ്വീകരിക്കുമോ അതോ തന്റേടത്തോടെ ഈ വചനത്തിൽ പറഞ്ഞ ശിക്ഷ സ്വയം ശിരസാവഹിക്കുമോ?

(۱٦) قولہ تعالیٰ وَاِذۡ اَخَذَ اللّٰہُ مِیۡثَاقَ النَّبِیّٖنَ لَمَاۤ اٰتَیۡتُکُمۡ مِّنۡ کِتٰبٍ وَّحِکۡمَۃٍ ثُمَّ جَآءَکُمۡ رَسُوۡلٌ مُّصَدِّقٌ لِّمَا مَعَکُمۡ لَتُؤۡمِنُنَّ بِہٖ وَلَتَنۡصُرُنَّہٗ ؕ قَالَ ءَاَقۡرَرۡتُمۡ وَاَخَذۡتُمۡ عَلٰی ذٰلِکُمۡ اِصۡرِیۡ ؕ قَالُوۡۤا اَقۡرَرۡنَا ؕ قَالَ فَاشۡہَدُوۡا وَاَنَا مَعَکُمۡ مِّنَ الشّٰہِدِیۡنَ (الجزو نمبر ۳/۱۷)

"അല്ലാഹു സകല പ്രവാചകന്മാരിൽനിന്നും കരാർ വാങ്ങിയ സന്ദർഭം ഓർക്കുക. ഞാൻ നിങ്ങൾക്ക് ഗ്രന്ഥവും, ജ്ഞാനവും നൽകും. പിന്നീട് അവസാനകാലത്ത് നിങ്ങളുടെയടുക്കൽ എന്റെ റസൂൽ വരികയും ചെയ്യും. അദ്ദേഹം നിങ്ങളുടെ ഗ്രന്ഥങ്ങളെ സത്യപ്പെടുത്തും. നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യണം. അല്ലാഹു ചോദിച്ചു: നിങ്ങൾ സമ്മതിക്കുകയും എന്റെ കരാറിനെ ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു: ഞങ്ങൾ സമ്മതിച്ചു. അപ്പോൾ അല്ലാഹു പറഞ്ഞു: നിങ്ങൾ നിങ്ങളുടെ സാക്ഷ്യത്തിന് സാക്ഷിയായിരിക്കുക. ഞാനും നിങ്ങളോടൊപ്പം ഇക്കാര്യത്തിന് സാക്ഷിയായിരിക്കും." (3:82).

നബിമാർ അവരവരുടെ കാലത്ത് വഫാത്തായ സ്ഥിതിക്ക്, ആ റസൂൽ പ്രത്യക്ഷനാകുമ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുക, ഇല്ലെങ്കിൽ ചോദിക്കപ്പെടും എന്ന കല്പന ഓരോ നബിയുടേയും സമുദായത്തിനോടാണെന്ന് വളരെ പ്രകടമാണ്. മുറി മൊല്ല ഈമാന് അപകടം! മിയാൻ അബ്ദുൽ ഹക്കീം ഖാൻ ഇനി പറയട്ടെ. ശുഷ്കിച്ച തൗഹീദു കൊണ്ടുമാത്രം മോക്ഷപ്രാപ്തി സാധ്യമാകുമെങ്കിൽ, നബി(സ) തിരുമേനിയിൽ വിശ്വസിക്കുന്നില്ലെങ്കിൽത്തന്നെയും തൗഹീദ് അംഗീകരിക്കുന്ന അക്കൂട്ടരെ അല്ലാഹു എന്തിനാണ് ചോദ്യം ചെയ്യുന്നത്?

ഇതിനും പുറമെ, തൗറാത്ത് ആവർത്തനപുസ്തകം പതിനെട്ടാം അധ്യായത്തിൽ അവസാനകാലത്ത് വരുന്ന നബിയെ വിശ്വസിക്കാത്തവരോട് ഞാൻ ചോദിക്കുമെന്ന് ഒരു വചനമുണ്ട്. കേവലം തൗഹീദ് മതിയായതാണെങ്കിൽ പിന്നെന്തിനാണ് അല്ലാഹു അവനെ ചോദ്യം ചെയ്യുന്നത്? താൻ പറഞ്ഞകാര്യം അല്ലാഹു മറന്നുപോകുമോ? വിശുദ്ധഖുർആനിലെ ഏതാനും വചനങ്ങളാണ് ഞാനിവിടെ എഴുതിയത്. ഇത്തരം വചനങ്ങളെക്കൊണ്ട് നിർഭരമാണ് വിശുദ്ധഖുർആൻ. അത് ആരംഭിക്കുന്നത് ഈ വചനങ്ങളോടെയാണ്. അത് പറയുന്നു: **"ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം, സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം"** അല്ലയോ ഞങ്ങളുടെ അല്ലാഹുവേ, ആരിലാണോ നിന്റെ അനുഗ്രഹവും ആദരവുമുണ്ടായിട്ടുള്ളത് ആ റസൂൽമാരുടേയും നബിമാരുടേയും മാർഗത്തിൽ നീ ഞങ്ങളെ നടത്തേണമേ.[1]

അഞ്ചുനേര നമസ്കാരത്തിൽ ഓതുന്ന ഈ വചനത്തിൽനിന്ന് അല്ലാഹുവിന്റെ ആത്മീയോപഹാരമായ ദൈവജ്ഞാനവും ദൈവസ്നേഹവും റസൂലും നബിയും മുഖേനയല്ലാതെ മറ്റാരു മുഖേനയും കിട്ടുകയില്ലെന്നത് ഇപ്പോൾ പ്രകടമാണ്. മിയാൻ അബ്ദുൽ ഹക്കീം ഖാൻ നമസ്കാരം അനുഷ്ഠിക്കുന്നുണ്ടോ എന്ന് നമുക്കറിയില്ല. നമസ്കരിക്കുന്നുണ്ടെങ്കിൽ ഈ ആയത്തുകളുടെ അർത്ഥം അറിയാതിരിക്കാൻ ഒരു നിർവാഹവുമില്ല. എന്നാൽ, അദ്ദേഹത്തിന്റെ പക്കൽ മോക്ഷപ്രാപ്തിക്ക് തൗഹീദ് മാത്രം മതിയായതാകുമ്പോൾ നമസ്കരിക്കേണ്ട ആവശ്യമെന്ത്? റസൂലിന്റെ ഒരു ആരാധനാരീതി എന്ന നിലയിലാണ് നമസ്കാരത്തെ എടുത്തുപറഞ്ഞിട്ടുള്ളത്. റസൂലിനെ പിൻപറ്റാൻ ഉദ്ദേശ്യംതന്നെ ഇല്ലാത്ത ആൾക്ക് നമസ്കാരം എന്തു പ്രയോജനം ചെയ്യാനാണ്? അയാളുടെ പക്കൽ ഏകദൈവവിശ്വാസിയായ ബ്രഹ്മസമാജക്കാരനും മോക്ഷം ലഭിച്ചയാളാണ്. ആ ബ്രഹ്മസമാജി നമസ്കരിക്കുന്നുണ്ടോ? അബ്ദുൽ ഹക്കീം ഖാന്റെ വീക്ഷണത്തിൽ ഇസ്ലാമിൽനിന്ന് മുർത്തദായിപ്പോകുന്ന ആൾക്കുപോലും തന്റെ ശുഷ്കിച്ച തൗഹീദുകൊണ്ട് മോക്ഷംപ്രാപിക്കാവുന്നതാണ്.[2] യഹൂദികളിലും ക്രിസ്ത്യാനികളിലും ആര്യസമാജത്തിലുമുള്ള ഏകദൈവവിശ്വാസിയ്ക്കും അയാൾ ഇസ്ലാമിന്റെ നിഷേധിയും നബി(സ) തിരുമേനിയുടെ ശത്രുവും ആണെങ്കിൽപ്പോലും മോക്ഷംപ്രാപിക്കാൻ സാധിക്കും. അപ്പോൾ നമസ്കാരം നിഷ്ഫലവും നോമ്പ് നിരർതവും എന്നുതന്നെയായിരിക്കും അയാളുടെ അഭിപ്രായം. എന്നാൽ, ഒരു സത്യവിശ്വാസിക്ക് ആത്മീയസമ്പത്തിന്റെ ഉടമസ്ഥർ നബിമാരും റസൂൽമാരുമാണെന്നും അവരെ അനുധാവനം ചെയ്യുന്ന ഓരോരുത്തർക്കും ഫലം ലഭിക്കുമെന്നും മനസ്സിലാക്കിത്തരാൻ ഈ ഒരൊറ്റ ആയത്ത് മതിയായതാണ്.

പിന്നെ, സൂറ ബഖറയുടെ ആരംഭത്തിൽ ഈ വചനങ്ങളാണുള്ളത്. **"ദാലിക്കൽ കിതാബു ലാറയ്ബ ഫീഹി ഹുദല്ലിൽ മുത്തഖീൻ. അല്ലദീന യുഅ്മിനൂന ബിൽഗയ്ബിവയുഖീമൂനസ്സ്വലാത്ത വ മിമ്മാ റ്സഖ്നാഹും യുൻഫിഖൂൻ. വല്ലദീന യുഅ്മിനൂന ബിമാ ഉൻസില ഇലയ്ക്ക വമാ ഉൻസില മിൻ ഖബ്ലിക്ക വബിൽ ആഖിറത്തിഹിം യൂഖിനൂൻ. ഉലാഇക്ക അലാ ഹുദമ്മിർറബ്ബിഹിം വ ഉലാഇക്ക ഹുമുൽമുഫ്ലിഹൂൻ"**

'സന്ദേഹങ്ങളിൽനിന്നും സംശയങ്ങളിൽനിന്നും പരിശുദ്ധമാണ് ഈ ഗ്രന്ഥം. ഇത് മുത്തഖികൾക്ക് അഥവാ സൂക്ഷ്മ ജീവിതം നയിക്കുന്ന ദൈവഭക്തർക്ക് സന്മാർഗപാത്രമാകുന്നു. അല്ലാഹുവിൽ (അവന്റെ അസ്തിത്വം മറഞ്ഞതിൽ മറഞ്ഞതാണ്) വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും തങ്ങളുടെ സമ്പത്തിൽ നിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്യുകയും നിനക്ക് ഇറക്കപ്പെട്ട ഗ്രന്ഥത്തിലും നിനക്ക് മുമ്പേ ഇറക്കപ്പെട്ട ഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും ചെയ്യുന്നവരാണ് മുത്തഖികൾ. അവർ തങ്ങളുടെ നാഥനിൽനിന്നുള്ള സന്മാർഗത്തിലാകുന്നു. അവർ തന്നെയാണ് മോക്ഷം പ്രാപിക്കുന്നവരും.'

ഏയ്, അബ്ദുൽ ഹക്കീം ഖാൻ മുർത്തദ്! ഉണരൂ, കണ്ണുതുറന്നു നോക്കൂ. ഈ വചനങ്ങളിലൂടെ അല്ലാഹു വിധി പറഞ്ഞിരിക്കുകയാണ്. അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്നതുമായിട്ട് അല്ലാഹു മോക്ഷപ്രാപ്തിയെ ബന്ധിപ്പിച്ചിരിക്കുന്നു! അവന്റെ ഗ്രന്ഥത്തിൽ പരസ്പര വിരുദ്ധമോ ഭിന്നതയോ ഉണ്ടാകാവതല്ല. പ്രതാപവാനായ അല്ലാഹു നബി(സ) തിരുമേനിയെ പിൻപറ്റുന്നതുമായി മോക്ഷത്തെ ബന്ധിപ്പിച്ചിരിക്കുന്ന സ്ഥിതിക്ക് ഈ ഖണ്ഡിതവചനങ്ങളിൽനിന്ന് പിന്തിരിഞ്ഞ് സദൃശവചനങ്ങളുടെ പിന്നാലെ ഓടുന്നത് വിശ്വാസവഞ്ചനയാണ്. ഹൃദയത്തിന് കപടത എന്ന രോഗം പിടിപ്പെട്ട ആളുകളാണ് സദൃശവചനങ്ങളുടെ പിന്നാലെ പായുന്നത്."

(ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ അമീറുൽ മുഅ്മിനീന്റെ ഡെന്മാർക്കു പര്യടനം-2016 മെയ്

**05-05-2016(വ്യാഴം)**

അമീറുൽമുഅ്മിനീൻ അന്വേഷിച്ചപ്പോൾ മേയർ പറഞ്ഞു: തന്റെ പ്രദേശത്ത് 41 കൗൺസിലർമാരുണ്ട്. പ്രദേശത്തെ ജനസംഖ്യ അമ്പത്തിയയ്യായിരമാണ്. അവരിൽ മുപ്പത്തിയ്യായിരംപേർ വോട്ടുചെയ്യാൻ അർഹരാണ്. അവരുടെ പ്രായം പതിനെട്ടോ അതിലധികമോ ആണ്. അവർ വോട്ടേഴ്‌സ് ലിസ്റ്റിൽപ്പെട്ടവരാണ്. അപ്പോൾ അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇതിന്റെ അർഥം താങ്കളുടെ പ്രദേശത്തെ ജനസംഖ്യയുടെ മൂന്നിലൊരുഭാഗം പതിനെട്ടു വയസ്സിനുതാഴെ പ്രായമുളളവരാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ യുവാക്കൾ കുറഞ്ഞുവരുന്നു. നിങ്ങളുടെ യുവതലമുറയെ വർധിപ്പിക്കുക. നിങ്ങൾക്ക് നിങ്ങളുടെ കുടുംബങ്ങളെ വർധിപ്പിക്കേണ്ടതുണ്ട്. അമീറുൽമുഅ്മിനീൻ പറഞ്ഞു: നിങ്ങളുടെ ഈ പ്രദേശം വളരെ നല്ലതാണ്. ഫ്രഷായ കാറ്റ്. പ്രിയങ്കരമായ അന്തരീക്ഷം. വളരെ നല്ലൊരു ചുറ്റുപാടാണ്.

വനിത കൗൺസിലറായ മാരിയ സാഹിബ ചോദിച്ചു: ഇസ്‌ലാമിന്റെ പ്രബോധനത്തിനും സമാധാന സ്ഥാപനത്തിനും താങ്കൾക്ക് എന്തു വെല്ലുവിളിയാണ് നേരിടേണ്ടിവരുന്നത്. നിങ്ങൾക്കെതിരെ നിയമനടപടികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടല്ലോ? ഇതിനു മറുപടി നല്കിക്കൊണ്ട് അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇസ്‌ലാമിക രാജ്യങ്ങളിൽ പ്രത്യേകിച്ചും പാക്കിസ്താനിൽ ഞങ്ങൾക്കെതിരിൽ സർക്കാർതലത്തിൽ നിയമനടപടികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഔദ്യോഗികമായി നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഞങ്ങൾക്ക് ഞങ്ങളെ മുസ്‌ലിമെന്ന് പറയാൻ പാടില്ല. മുസ്‌ലിമെന്ന നിലയിൽ പ്രവർത്തിക്കാനും സാധ്യമല്ല. ഞങ്ങളെ ഞങ്ങൾക്ക് മുസ്‌ലിമാണെന്ന് പ്രകടിപ്പിക്കാനും കഴിയില്ല. ഇങ്ങനെ ഔദ്യേഗികമായി നിയമങ്ങൾ ഉണ്ടാക്കിയിരിക്കുകയാണ്.

മറ്റു രാജ്യങ്ങളായ ഇന്തോനേഷ്യാ, മലേഷ്യാ തുടങ്ങിയ രാജ്യങ്ങളിൽ ഭരണതലത്തിൽ ഇങ്ങനെ നിയമങ്ങൾ ഇല്ലെങ്കിലും ഞങ്ങളുടെ അവകാശങ്ങൾ തടയാറുണ്ട്. പരസ്യമായി ഞങ്ങൾക്ക് പ്രബോധനം നടത്താൻ പറ്റില്ല. ഞങ്ങളുടെ സന്ദേശമെത്തിക്കാനും സാധ്യമല്ല. പക്ഷേ, ഇങ്ങനെയൊക്കെയായിട്ടും ഈ രാജ്യങ്ങളിൽ ഞങ്ങളുടെ കമ്മ്യൂണിറ്റി വളർന്നുകൊണ്ടിരിക്കുകയാണ്. ജനങ്ങൾ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുകയാണ്.

ആഫ്രിക്കൻരാജ്യങ്ങളിൽ, സൗത്ത് അമേരിക്കൻ രാജ്യങ്ങളിൽ ഞങ്ങളുടെ അംഗസംഖ്യ നിത്യവും വർധിച്ചുകൊണ്ടിരിക്കുകയാണ്. വെല്ലുവിളി എല്ലായിടത്തുമുണ്ട്. ഇത് മത്സരത്തിന്റെ ഭാഗമാണ്. ഫുട്ബോൾ കളിക്കുമ്പോൾ വിജയത്തിനായി പരിശ്രമിക്കേണ്ടിവരും. മറുഭാഗത്തുനിന്ന് പ്രയാസങ്ങൾ മുന്നിൽവരും. പദ്ധതി എത്ര വലുതാണോ അതനുസരിച്ച്, ലക്ഷ്യം എത്ര വലുതാണോ അത്രയധികം പ്രയാസങ്ങളുമുണ്ടാകും. അതിനെ അഭിമുഖീകരിക്കേണ്ടിവരുന്നു. പക്ഷേ, ഇക്കാര്യങ്ങളൊക്കെ ഉണ്ടായിട്ടും ഞങ്ങളുടെ വളർച്ച ഉണ്ടായികൊണ്ടിരിക്കുകയാണ്. ഓരോ വർഷവും അഞ്ചുലക്ഷത്തിലേറെ ആളുകൾ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. മുഴുലോകത്തുനിന്നുമാണ് ഇവർ പ്രവേശിച്ചുകൊണ്ടിരിക്കുന്നത്. ഈ ചേരുന്നവർ സമാധാനപ്രേമികളാണ്. നിങ്ങളുടെ സന്ദേശം നല്ലതാണെങ്കിൽ സ്നേഹമയമാണെങ്കിൽ സ്വീകരിക്കപ്പെടുന്നതാണ്. ഇല്ലെങ്കിൽ തിരസ്കരിക്കപ്പെടുന്നതാണ്.

പക്ഷേ, ഈ തീവ്രവാദികളായ ആളുകൾ, അവരുടെ തീവ്രവാദപരമായ സന്ദേശങ്ങൾ താൽക്കാലികമായ നിലയിൽ അല്പംപരിധിവരെ ATTRACT ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, സുദീർഘകാലം അതിന്റെ ആകർഷണം നിലനില്ക്കുകയില്ല. യൂറോപ്പിൽ നിന്നുപോയി ഈ സംഘടനയിൽ ചേർന്നിട്ടുള്ളവർ കുറച്ചുകാലം കഴിഞ്ഞ് അവർക്ക് യാഥാർഥ്യം മനസ്സിലായപ്പോൾ ഈ പരിതഃസ്ഥിതിയിൽനിന്ന് പുറത്തുകടക്കണമെന്ന് തീരുമാനിച്ചു. പക്ഷേ, അവരുടെ തിരിച്ചുവരവ് ദുഷ്കരമാണെന്ന് തോന്നുന്നു. ഈ അവസ്ഥയിൽ ഒന്നുകിൽ അവർ കൊല്ലപ്പെടുകയോ അല്ലെങ്കിൽ ഈ ജിഹാദീ സംഘടനകളുടെ അക്രമങ്ങൾക്ക് ഇരയായിത്തീരുകയോ ചെയ്യാം.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞങ്ങളുടെ സന്ദേശം എങ്ങനെയുള്ളതാണെന്നുലവച്ചാൽ ലക്ഷക്കണക്കിനാളുകൾ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിൽ ചേർന്നുകൊണ്ടിരിക്കുന്നു. അറേബ്യൻ രാജ്യങ്ങളിൽ ഭരണതലത്തിലും അവിടെത്തെ ഉലമാ ഇന്റെ ഭാഗത്തുനിന്നും ഞങ്ങൾക്ക് എതിർപ്പുണ്ട്. പക്ഷേ, എന്നിട്ടും അറേബ്യൻരാജ്യങ്ങളിലും ജനങ്ങൾ അഹ്മദിയ്യത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു.

ഒരു കൗൺസിലർ പറഞ്ഞു:നിങ്ങൾക്ക് കുറച്ചൊക്കെ ഭീഷണി ഉണ്ടായിരിക്കുമല്ലോ? അമീറുൽ മുഅ്മിനീൻ പറഞ്ഞു:ഞാൻ തന്നെയും പാക്കിസ്താനിൽ തടവിൽ കിടന്നിട്ടുണ്ട്. ഒരു ബസ്റ്റാൻഡിന്നടുത്ത് ബോർഡിൽ എഴുതിയിരുന്ന വിശുദ്ധ ഖുർആൻവചനം മായിക്കാൻ ശ്രമിച്ചു എന്നതായിരുന്നു എനിക്കെതിരിലുള്ള കുറ്റം. ഇത് അടിമുടി കളവാണ്. ഇപ്രകാരം എതിരാളികൾ തെളിവൊന്നും കൂടാതെ കുറ്റങ്ങൾ ആരോപിക്കുകയാണ്. തുടർന്ന് നിയമനടപടികളുമുണ്ടാകുന്നു. ഇതുകേട്ട് കൗൺസിലർ പറഞ്ഞു, 'യൂറോപ്പിൽ താമസിച്ചുകൊണ്ട് അത്തരം നിയമനടപടികളെ കുറിച്ച് ചിന്തിക്കുക എന്നതുതന്നെ പ്രയാസമാണ്. ഇവിടെ ഞങ്ങൾ സ്വതന്ത്രരാണ്. മതപരമായ സ്വാതന്ത്ര്യമുണ്ട്. സംസാരിക്കാനും പ്രബോധിക്കാനും സ്വാതന്ത്ര്യമുണ്ട്. ഏതു രീതിയിൽ വേണമെങ്കിലും സംസാരിക്കാം. ഞങ്ങളുടെ കർമങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യാം.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇവിടെ സംസാരിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിലും നിങ്ങൾക്ക് ANTI-SEMITIC ACTION പ്രകടിപ്പിക്കാനൊക്കുകയില്ല. യഹൂദികൾക്കെതിരെ സംസാരിക്കാൻ പറ്റുകയില്ല. നിങ്ങൾ ഒരു രാജ്യത്തെ നേതാവിനേയും പരിഹസിക്കരുതെന്നത് ജർമനിയിലെ നിയമമാണ്. ഇപ്പോൾ തുർക്കിപ്രസിഡന്റിന്റെ കാർട്ടൂൺ വരച്ചപ്പോൾ അത് നിയമവിരുദ്ധമാണെന്ന് ജർമൻ ചാൻസലർ പറഞ്ഞു. അങ്ങനെ ചെയ്തയാൾക്കെതിരെ കേസെടുത്തു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മതപരമായ സ്വാതന്ത്ര്യമുണ്ടെന്നത് ശരിതന്നെയാണ്. അഭിപ്രായ സ്വാതന്ത്ര്യമുണ്ട്. പ്രബോധനം ചെയ്യാനും സന്ദേശമെത്തിക്കാനും സ്വാതന്ത്ര്യമുണ്ട്. പക്ഷേ, ഈ സ്വാതന്ത്ര്യം മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുകയാണെങ്കിൽ അതിന് എവിടെയെങ്കിലും നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരുന്നു. എന്തെങ്കിലും വഴി കണ്ടെത്തേണ്ടി വരും. അപ്പോഴാണ് സമാധാനത്തിന്റേയും സഹിഷ്ണുതയുടേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം നിലനില്ക്കുന്നത്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ ആവിഷ്കാരസ്വാതന്ത്ര്യത്തെ കുറിച്ച് പറഞ്ഞ കാര്യങ്ങളോടു എല്ലാ ബുദ്ധിമാന്മാരും യോജിക്കുന്നതാണ്. കത്തോലിക്ക പോപ് പറയുകയുണ്ടായി, തന്റെ ഏതെങ്കിലും നല്ല സുഹൃത്ത് തന്റെ മാതാവിനെ ചീത്ത വിളിച്ചാൽ അവൻ അടികൊള്ളാൻ തയ്യാറായികൊള്ളട്ടെ എന്ന്. ക്രിസ്ത്യാനികൾ പോപ് പറഞ്ഞ കാര്യം കേൾക്കേണ്ടതാണ്. പോപ് ജനങ്ങളുടെ വികാരങ്ങൾ സംരക്ഷിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അദ്ദേഹം ഈ വശത്തൂടെ യഥാർഥ ക്രൈസ്തവാധ്യാപനം അനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: പാശ്ചാത്യലോകത്ത് ആവിഷ്കാരസ്വാതന്ത്ര്യം എത്രമാത്രം പാരമ്യതയിലാണെന്നാൽ മറ്റുള്ളവരെ പരിഹസിക്കാനും തുടങ്ങുന്നു. കാർട്ടൂൺ വരച്ച് അപഹസിക്കുന്നു. മുസ്‌ലിം ലോകത്ത് സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള പാരമ്യത എത്രയാണെന്നാൽ ഞങ്ങൾക്ക് ഞങ്ങളെ മുസ്‌ലിം എന്ന് പറയാൻ അവകാശമില്ല. മതത്തിന്റെ പേരിൽ ഒരാൾ മറ്റൊരാളെ കൊല്ലുന്നു. നമ്മൾ സമാധാനം സ്ഥാപിക്കേണ്ട സമയമാണിത്.

ഇസ്‌ലാം പറയുന്നത് ദീൻ വിശ്വസിക്കുന്ന കാര്യത്തിൽ ഒരു നിർബന്ധവുമില്ലെന്നാണ്. മതത്തിന്റെ കാര്യം ദൈവത്തിന്റെ കൈയിലാണ്. മതത്തെ കുറിച്ച് തീരുമാനമെടുക്കേണ്ടത് അവൻതന്നെയാണ്. മനുഷ്യർ പരസ്പരം ആദരിക്കണം. മാനുഷികമായ മൂല്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. അത് ശ്രദ്ധിക്കുക. മതത്തിന്റെ കാര്യങ്ങൾ ദൈവത്തിന്റെ കൈയിൽത്തന്നെ ഇരിക്കാൻ വിടുക. മതക്കാർ പരസ്പരം മർദിക്കുകയും കൊല്ലുകയുമാണെങ്കിൽ ആർക്ക് ആരുടെ മതത്തിലായിരിക്കും നടക്കാൻ കഴിയുക. പിന്നെ മതംകൊണ്ടുള്ള നേട്ടമെന്താണ്? പരസ്പരം കൊന്നുകൊണ്ട് എല്ലാവരും മരിച്ചൊടുങ്ങും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നമ്മൾ എല്ലാവരും മനുഷ്യരാണെന്നും മാനുഷിക മൂല്യങ്ങൾ നമ്മൾ നിലനിറുത്തണമെന്നും പരസ്പരം ആദരിക്കണമെന്നുമുള്ള അടിസ്ഥാനപരമായ കാര്യത്തിൽ നിലനിന്നാൽ ലോകത്ത് സമാധാനം സ്ഥാപിതമാകുന്നതാണ്.

എപ്പോഴാണ് ഖലീഫയായതെന്ന് ചോദ്യത്തിന് അമീറുൽ മുഅ്മിനീൻ പറഞ്ഞു:ഞാൻ കഴിഞ്ഞ 13 വർഷമായി ഈ സ്ഥാനത്തുണ്ട്.

ഒരു ചോദ്യത്തിനു മറുപടിയായി അമീറുൽ മുഅ്മിനീൻ പറഞ്ഞു: 2005-ൽ ഇവിടെ വന്നിരുന്നു. അപ്പോൾ ഈ കെട്ടിടമുണ്ടായിരുന്നില്ല. ഇപ്പോൾ ഇവിടെ പുതിയ നിർമാണം നടന്നതാണ്. ഇവിടെ ഞങ്ങളുടെ ലോക്കൽ കമ്മ്യൂണിറ്റിയുണ്ട്. ഒരുപാടാളുകളും കുടുംബങ്ങളും എന്നെ കാണാൻ കാത്തുനില്ക്കുന്നു. ഞാൻ അവരെ കാണുന്നതാണ്. തങ്ങളുടെ അടുത്ത ബന്ധുക്കളേയും പ്രിയപ്പെട്ടവരേയും കാണുമ്പോലെയുള്ള സന്തോഷമാണ് കൂടിക്കാണുമ്പോൾ ഉണ്ടാകുന്നത്. ഇപ്രകാരം ഞങ്ങളുടെ കൂടിക്കാഴ്ചകൾ നടക്കുന്നതാണ്.

മേയറും കൗൺസിലർമാരുമായുള്ള ഈ കൂടിക്കാഴ്ച 7.25 ന് അവസാനിച്ചു. അവസാനം ആ എല്ലാ അതിഥികളും അമീറുൽ മുഅ്മിനീനുമൊത്ത് ഫോട്ടോ എടുക്കുന്നതിനുള്ള ഭാഗ്യം കരസ്ഥമാക്കി.

അതിനുശേഷം അമീറുൽ മുഅ്മിനീൻ ഓഫീസിലേക്കുപോയി. പരിപാടിയനുസരിച്ച് കുടുംബങ്ങളുടെ മുലാഖാത്ത് ആരംഭിച്ചു. ഇന്ന് 25 കുടുംബങ്ങളിലെ 84 പേർ അമീറുൽ മുഅ്മിനീനുമായി മുലാഖാത്ത് നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. എല്ലാവരും അമീറുൽ മുഅ്മിനീനുമൊത്ത് ഫോട്ടോ എടുത്തു. വിദ്യാർഥിവിദ്യാർഥിനികൾക്ക് അമീറുൽ മുഅ്മിനീൻ ഉപഹാരമായി പേനകളും ചെറിയകുട്ടികൾക്ക് ചോക്ലേറ്റും നല്കി.

കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ Hvidovre, Copenhagen, Aarhus, Amager,Albertslund, Broendby എന്നീ സ്ഥലങ്ങളിൽനിന്ന് വന്നവരായിരുന്നു. ഇന്ന് കൂടിക്കാഴ്ച നടത്തിയ ചില കുടുംബങ്ങൾ തങ്ങളുടെ ജീവിതത്തിൽ ആദ്യമായിട്ടായിരുന്നു അമീറുൽ മുഅ്മിനീനെ നേരിൽ കാണുന്നത്. അവരുടെ വികാരങ്ങളും ബോധഭാവങ്ങളും സന്തോഷവും ആനന്ദവും മുഖത്ത് പ്രകടമായിരുന്നു. എല്ലാവരും ഈ ഭാഗ്യം കിട്ടിയതിൽ, തങ്ങളുടെ ജീവിതത്തിൽ ആദ്യമായി ലഭിച്ച അനുഗൃഹീത ദിനത്തിൽ, പ്രിയങ്കരനായ ഖലീഫത്തുൽ മസീഹിന്നടുത്ത് അല്പം സമയം ഇരിക്കാൻ ഭാഗ്യം കിട്ടിയതിൽ അതീവ സന്തുഷ്ടരായിരുന്നു. അല്ലാഹു ഈ അനുഗ്രഹങ്ങളും ഭാഗ്യങ്ങളും അനശ്വരമാക്കിത്തീർക്കട്ടെ. നമ്മുടെ മക്കളും ഇതിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നവരാകട്ടെ. ആമീൻ. കൂടിക്കാഴ്ചയുടെ ഈ പരിപാടി 8.25 വരെ നീണ്ടുനിന്നു. ശേഷം അമീറുൽ മുഅ്മിനീൻ തന്റെ താമസസ്ഥലത്തേക്ക് മടങ്ങി.

9.15 ന് അമീറുൽ മുഅ്മിനീൻ നുസ്റത്ത് ജഹാൻ മസ്ജിദിൽ വന്ന് മഗ്‌രിബ് ഇശാ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം അമീറുൽ മുഅ്മിനീൻ തന്റെ താമസസ്ഥലത്തേക്ക് മടങ്ങി.

(തുടരും)

# ഖുത്ബ ജുമുഅ

**നിങ്ങളുടെമേൽ സ്വയം എപ്പോഴും ദൃഷ്ടി പതിപ്പിച്ചു കൊണ്ടിരിക്കാൻ അല്ലാഹു വിശ്വാസികളോട് പറയുന്നു. നിങ്ങൾ ശയ്ത്വാന്റെ കാൽപാടുകളിലൂടെയാണോ നടന്നു കൊണ്ടിരിക്കുന്നതെന്ന് എപ്പോഴും നോക്കികൊണ്ടിരിക്കുക. മനുഷ്യൻ പ്രത്യക്ഷമായ നിലയിൽ അല്ലാഹുവിന്റെ ചെറുതിൽ ചെറുതായ കല്പനപോലും ഉപേക്ഷിക്കുമ്പോൾ ശയ്ത്വാനിലേക്ക് മുന്നേറുകയാണ് ചെയ്യുന്നത്. അതുകൊണ്ട് വളരെ അധികം സൂക്ഷ്മത പാലിക്കേണ്ട ആവശ്യമുണ്ട്. ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നതിന് വീടുകളിൽത്തന്നെ അത്തരം സന്നാഹം ഉണ്ടാക്കിയെടുക്കേണ്ട ആവശ്യം ഉണ്ട്. അവന്റെ എല്ലാ ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടണമെന്ന് മാത്രമല്ല അതിന് മറുപടിയും നല്കണം. ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടിയുള്ള ഏറ്റവും വലിയ അഭയം അല്ലാഹു തന്നെയാണ്. ഈ വഴിതെറ്റിയ കാലഘട്ടങ്ങളിൽ, ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽ വരാനായി പരിശ്രമിക്കേണ്ടതാണ്. കാരണം, ഇസ്തിഗ്ഫാറാണ് മനുഷ്യന് അല്ലാഹുവിന്റെ അഭയത്തിൽ എത്തിച്ചേരാനുള്ള മാർഗം തിന്മകളിൽ ഇന്ന് ടി.വി.യുടേയും ഇന്റർനെറ്റിന്റേയും ചില തിന്മകളുമുണ്ട്. അധികം വീടുകളും പരിശോധിക്കുകയാണെങ്കിൽ വലിയവർ മുതൽ ചെറിയവർ വരെ രാവിലെ സുബ്ഹി നമസ്കാരം കൃത്യസമയത്ത് അനുഷ്ഠിക്കാതിരിക്കാനുള്ള കാരണം ഒന്നുകിൽ രാത്രി വൈകിവരെ ടി.വി കാണുകയോ അല്ലെങ്കിൽ ഇന്റർനെറ്റിൽ ഇരിക്കുകയോ ചെയ്യുന്നതു കൊണ്ടാണ്. തങ്ങളുടെ പരിപാടികൾ കണ്ടുകൊണ്ടിരിക്കുന്നു. തൽഫലമായി രാവിലെ കണ്ണ് തുറയുകയില്ല. എന്നല്ല, അത്തരം ആളുകൾക്ക് രാവിലെ നമസ്കരിക്കുന്നതിന് എഴുന്നേല്ക്കണമെന്ന ശ്രദ്ധപോലും ഉണ്ടാകാറില്ല.ശയ്ത്വാൻ കേവലം ഒരു ഭൗതിക പരിപാടിയുടെ അത്യാഗ്രഹം നല്കിക്കൊണ്ട് നമസ്കാരത്തിൽനിന്ന് ദൂരെക്കൊണ്ടു പോകുന്നു. ഇതുകൂടാതെ ഇന്റർനെറ്റിൽ വിവിധങ്ങളായ പരിപാടികളുണ്ട്, ആപ്ലിക്കേഷൻസു(Applications)കളുണ്ട്. ഫോൺ തുടങ്ങിയവ മുഖേന അല്ലെങ്കിൽ ഐപാഡ്(IPad) മുഖേന അതിലകപ്പെട്ടുകൊണ്ട് പോകുന്നു. മോശമായ വിനോദങ്ങളിൽനിന്നും എല്ലാതരത്തിലുള്ള വ്യർഥമായ കാര്യങ്ങളിൽനിന്നും ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി നബി(സ)തിരുമേനിചെയ്ത  ദുആയെ കുറിച്ചുള്ള ചർച്ച. അല്ലാഹു നമുക്ക് എം.ടി.എ. നല്കിയിരിക്കുന്നു. അല്ലാഹു നമുക്ക് ജമാഅത്തിന്റെ ആത്മീയവും വൈജ്ഞാനികവുമായ പരിപാടികൾക്ക് വെബ്സൈറ്റും നല്കിയിട്ടുണ്ട്. നമ്മൾ നമ്മുടെ കൂടുതൽ ശ്രദ്ധ ഈ ഭാഗത്തേക്ക് തിരിക്കുമ്പോഴായിരിക്കും നമ്മുടെ ശ്രദ്ധ ഈ ഭാഗത്ത് നിലകൊള്ളുന്നത്. ഇതുമുഖേന നമ്മൾ അല്ലാഹുവിന്റെ സമീപസ്ഥരായിത്തീരും. ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നവരായിത്തീരും. വീട്ടിലെ എല്ലാവരും ഒരുമിച്ചുകൊണ്ട് ഏറ്റവും ചുരുങ്ങിയത് എല്ലാ ആഴ്ചയും എം.ടി.എ യിൽ ഖുത്ബ നിർബന്ധമായും കേൾക്കുന്നതും ദിവസവും ഒരു മണിക്കൂറെങ്കിലും എം.ടി.എ യിലെ മറ്റു പരിപാടികൾ കാണുന്നതും എല്ലാം അഹ്മദി വീടുകളും നിർബന്ധമാക്കേണ്ടതാണ്. ഏതെല്ലാം വീടുകളിലാണോ ഇതനുസരിച്ച് പ്രവർത്തിക്കുന്നത് അവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുഴുവൻ വീട്ടുകാരും ദീനിലേക്ക് ചായ്വുള്ളവരായികാണാൻ സാധിക്കുന്നു. കുട്ടികൾ ദീൻ പഠിക്കുന്നു, വലിയവരും ദീൻ പഠിക്കുന്നു. അതുകൊണ്ട് ഇതനുസരിച്ച് ആരു പ്രവർത്തിച്ചാലും നിശ്ചയമായും ഇതുമുഖേന മതപരമായ പ്രയോജനം ലഭിക്കുന്നതോടൊപ്പം ശയ്ത്വാനിൽ നിന്ന് ദൂരപ്പെടുകയും ചെയ്യുന്നതായിരിക്കും. ജമാഅത്തിവ്യവസ്ഥിതിക്ക് പ്രത്യേകിച്ചും ഉപസംഘടനകൾക്ക് തങ്ങളുടെ അംഗങ്ങളെ കാത്തുസൂക്ഷിക്കാനും ജമാഅത്തുമായി അവരെ ശക്തമായി ബന്ധിപ്പക്കുന്നതിന് കർമപരമായ പരിശ്രമിക്കാനുമുള്ള മാർഗനിർദേശവും ഉപദേശങ്ങളും. സ്നേഹത്തോടെ അവരെ ദീനുമായും മസ്ജിദുമായും തങ്ങളുടെ മജ്ലിസുമായും ജമാഅത്തുമായും ബന്ധിപ്പിക്കുംവിധം ഭാരവാഹികൾ അവരോടു പെരുമാറുക. ഇല്ലെങ്കിൽ ശയ്ത്വാൻ ഏതെങ്കിലും വിധത്തിലുള്ള ബലഹീനന്റേയും ഏതെങ്കിലും ഭാരവാഹിക്കെതിരെ ആക്ഷേപം ഉന്നയിക്കുന്നവന്റേയുംമേൽ ആക്രമണം നടത്തി തന്റെ വരുതിയിൽ ആക്കുന്നതിനുവേണ്ടി തക്കം പാർത്തിരിക്കുകയാണ്. പ്രത്യേകിച്ചും ദീനീപരമായ സേവനം ഏല്പിക്കപ്പെട്ടിട്ടുള്ളവരും ജമാഅത്തംഗങ്ങളുടെ മാർഗദർശനത്തിന്റേയും  തർബിയ്യത്തിന്റേയും ജോലി ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ളവരും തങ്ങളുടെ വാക്കും പ്രവൃത്തിയും അല്ലാഹുവിന്റെ പ്രീതിക്ക് അനുസൃതമായി വാർത്തെടുക്കാൻ ശ്രമിക്കുക. അവർ കാരണം ആരെയും ശയ്ത്വാന്റെ സഞ്ചിയിൽ അകപ്പെടുത്താതിരിക്കാനും എന്നല്ല ഒരിക്കലും ഒരു ജമാഅത്തംഗവും ശയ്ത്വാന്റെ പിന്നാലെ നടക്കുന്നവരായിത്തീരാതിരിക്കാനും അല്ലാഹുവിനോട് ആത്മാർത്ഥതയോടുകൂടി ദുആ ചെയ്യുക.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 മെയ് 20/1395 ഹിജ്റത്ത് 20**
**മസ്ജിദ് നാസിർ-ഗോട്ടൺബർഗ്-സ്യൂഡൻ**

أَشْهَدُأَنْ لَّا إِلٰهَ اِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

يٰٓاَيُّهَا الَّذِيْنَ اٰمَنُوْا لَا تَتَّبِعُوْا خُطُوٰتِ الشَّيْطٰنِ- وَمَنْ يَّتَّبِعْ خُطُوٰتِ الشَّيْطٰنِ فَاِنَّهٗ يَاْمُرُ بِالْفَحْشَآءِ

وَالْمُنْكَرِ- وَلَوْلَا فَضْلُ اللّٰهِ عَلَيْكُمْ وَرَحْمَتُهٗ مَا زَكٰى مِنْكُمْ مِّنْ اَحَدٍ اَبَدًا وَّلٰكِنَّ اللّٰهَ يُزَكِّيْ مَنْ

يَّشَآءُ- وَاللّٰهُ سَمِيْعٌ عَلِيْمٌ- (النور:22)

വിശ്വസിച്ചവരേ, ശയ്ത്വാന്റെ കാൽപാടുകളിൽ നടക്കരുത്. ആരാണോ ശയ്ത്വാന്റെ കാൽപാടുകളിൽ നടക്കുന്നത് നിശ്ചയമായും അവൻ അധമപ്രവർത്തനങ്ങൾക്കും അനിഷ്ട കാര്യങ്ങൾക്കും കല്പന നല്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും നിങ്ങളുടെമേൽ ഇല്ലെങ്കിൽ നിങ്ങളിൽ ഒരാൾക്കും ഒരിക്കലും വിശുദ്ധരാവാൻ സാധ്യമല്ല. എന്നാൽ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ ശുദ്ധീകരിക്കുന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു. (24:22)

അല്ലാഹു ആദം സന്തതികളോടും വിശ്വാസികളോടും ശയ്ത്വാനിൽനിന്ന് രക്ഷപ്പെടാനും അവന്റെ കാല്പാടുകളിലൂടെ നടക്കാതിരിക്കാനും മാർഗനിർദേശം നല്കുകയും താക്കീതു ചെയ്യുകയും ചെയ്തിട്ടുള്ള ആയത്ത് ഇതു കൂടാതെയുമുണ്ട്. ശയ്ത്വാൻ അല്ലാഹുവിനെ ധിക്കരിച്ചവനും അവന്റെ കല്പനകൾക്ക് വിരുദ്ധം പ്രവർത്തിക്കുന്നവനും അവനോടു കലാപം ഉണ്ടാക്കുന്നവനുമായതുകൊണ്ടാണ് ഈ കൽപന നല്കിയിട്ടുള്ളത്. അല്ലാഹുവിനെ ധിക്കരിക്കുകയും അവന്റെ കല്പനകൾക്ക് വിരുദ്ധം നടക്കുകയും ചെയ്യുന്നവൻ തന്റെ പിന്നാലെ നടക്കുന്നവരേയും അവൻ സ്വയം ചെയ്യുന്നത് തന്നെയായിരിക്കും പഠിപ്പിക്കുക എന്നത് സ്പഷ്ടമാണ്. തൽഫലമായി ശയ്ത്വാൻ സ്വയം നരകത്തിന്റെ ഇന്ധനമായതിനാൽ തന്റെ പിന്നാലെ നടക്കുന്നവരേയും അവൻ നരകത്തിന്റെ ഇന്ധനമാക്കുന്നു. നിന്നെ പിൻപ്പറ്റുന്നവരെക്കൊണ്ട് താൻ നരകം നിറക്കുന്നതായിരിക്കുമെന്ന് അല്ലാഹു വളരെ വ്യക്തമായ നിലയിൽ ശയ്ത്വാനോട് പറഞ്ഞിട്ടുണ്ട്. ഇതെല്ലാം വ്യക്തമാക്കിക്കൊണ്ട് അല്ലാഹു പറയുന്നു:

ശയ്ത്വാൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണെന്ന കാര്യം ഇനിയും മനുഷ്യർക്ക് മനസ്സിലാകുന്നില്ലേ? അതുകൊണ്ട് ഈ ശത്രുവിൽ നിന്ന് രക്ഷപ്പെട്ടു കൊള്ളുക.

ഒരുകൂട്ടർമതത്തിന്ഒരുവിലയുംനൽകാത്തവരും നരകമെന്താണെന്നോ സ്വർഗമെന്താണെന്നോ അറിയാത്തവരുമാണ്. അവർക്ക് ദൈവത്തിന്റെ അസ്തിത്വത്തിലും വിശ്വാസമില്ല. അവർ ദീനിന്റെ കാര്യങ്ങൾ മനസ്സിലാക്കാത്തവരും മനസ്സിലാക്കാൻ ആഗ്രഹിക്കാത്തവരുമാണ്. ഇനി കുറച്ചുപേർ ഈ രാജ്യങ്ങളിൽ ഇസ്‌ലാമിനെക്കുറിച്ച് പഠിക്കുന്നുണ്ടെങ്കിൽത്തന്നെ അത് കേവലം വൈജ്ഞാനിക പരിധിവരെ മാത്രമാണ്. അതല്ലെങ്കിൽ തങ്ങൾക്ക് മതത്തെ കുറിച്ചും ഇസ്‌ലാമിനെ കുറിച്ചും അറിയാം എന്ന് പറയുന്നതിനുവേണ്ടി മാത്രമാണ്. ഇവരുടെ അറിവ് കേവലം ഉപരിപ്ലവവും ഗ്രന്ഥങ്ങളിൽമാത്രം ഒതുങ്ങിനില്ക്കുന്നതുമായിരിക്കും. മറ്റു ചിലർ ആരോപണത്തിന്റേയും വിമർശനത്തിന്റേയും ദൃഷ്ടികൊണ്ടാണ് ഖുർആൻ പഠിക്കുന്നതും ഇസ്‌ലാമിനെക്കുറിച്ച് അറിവ് കരസ്ഥമാക്കുന്നതും. അതിന്റെ അധ്യാപനങ്ങളിൽനിന്നും ശ്രേഷ്ഠതകളിൽ നിന്നും ഒരു പാഠവും ഉൾക്കൊള്ളാറില്ല. ശയ്ത്വാന്റെ പിടിത്തത്തിൽ നിന്ന് പുറത്തു വരുകയും ചെയ്യാറില്ല. ദൈവത്തെക്കുറിച്ചുള്ള അന്വേഷണമോ അന്വേഷണത്തിനുള്ള താൽപര്യമോ അവർക്കില്ല. അത്തരമാളുകൾ എന്തായാലും ശയ്ത്വാന്റെ പിന്നാലെ നടക്കുന്നവർ തന്നെയാണ്. എന്നാൽ, ഈമാനിന്റെ വാദമുന്നയിച്ച് തങ്ങളെ മുഅ്മിനെന്ന് സയം പറഞ്ഞ് ശയ്ത്വാന്റെ പിന്നാലെ നടക്കുന്നവരുമുണ്ട്. അല്ലെങ്കിൽ കാര്യങ്ങൾ മനസ്സിലാക്കാതെ, അല്ലാഹുവിന്റെ മടിത്തട്ടിൽ വരാൻ പൂർണമായും പരിശ്രമിക്കാതെ ചില കർമങ്ങൾ ചെയ്ത് ശയ്ത്വാന്റെ കാലടികളെ പിൻപറ്റി നടക്കുന്നവരായി മാറാനോ അങ്ങനെ ആയിത്തീരാനോ സാധ്യതയുണ്ട്. അതുകൊണ്ട് ഈ ആയത്തിൽ അല്ലാഹു വിശ്വാസികളെ ഓർമപ്പെടുത്തുന്നത്, അവരോട് പറയുന്നത്, നിങ്ങൾ ശയ്ത്വാന്റെ കാലടികളെ പിൻപറ്റരുതെന്നാണ്. തങ്ങൾ വിശ്വസിച്ചു, തങ്ങൾ ഇസ്‌ലാം സ്വീകരിച്ചു, അതുകൊണ്ട് ഇനി തങ്ങൾക്ക് വ്യാകുലപ്പെടാനില്ല എന്ന് വിചാരിക്കരുതെന്ന് അല്ലാഹു താക്കീത് ചെയ്തിരിക്കുന്നത് വിശ്വാസികളെയാണ്. ശയ്ത്വാന്റെ ആക്രമണത്തിൽനിന്നും ശയ്ത്വാനെ പിൻപറ്റുന്നതിൽനിന്നും തങ്ങൾക്ക് വ്യാകുലപ്പെടാനൊന്നുമില്ലെന്ന് അവർ വിചാരിക്കുന്നു. അങ്ങനെയല്ല, ശയ്ത്വാന്റെ അപകടം അതുപോലെതന്നെ ഇപ്പോഴും നിലനില്ക്കുന്നുണ്ടെന്നാണ് അല്ലാഹു പറയുന്നത്. ഒരു അവിശ്വാസിയെ പോലെ വിശ്വാസിയും ശയ്ത്വാന്റെ പിടിത്തത്തിൽ അകപ്പെടാം. അതുകൊണ്ട് ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അല്ലാഹുവിനെ എപ്പോഴും ഓർത്തുകൊണ്ടിരിക്കുകയെന്നത് ഒരു മുഅ്മിനിന്റെ നിർബന്ധകടമയാണ്.

തനിക്ക് മനുഷ്യനെ വഴിതെറ്റിക്കാനും തന്റെ പിന്നാലെ നടത്താനുമുള്ള ഇളവ് ലഭിച്ചാൽ എല്ലാ വഴികളിലും പതുങ്ങിയിരുന്നുകൊണ്ട് അവരെ വഴിതെറ്റിക്കുമെന്നും വിവിധങ്ങളായ തന്ത്രങ്ങളിലൂടേയും കാരണങ്ങളിലൂടേയും അവരെ തന്റെ പിന്നാലെ കൊണ്ടുപോകുമെന്നുമുള്ള വാദത്തോടു കൂടിയാണ് ശയ്ത്വാൻ ആദ്യ ദിവസം മുതൽ ആദം സന്തതികളെ നന്മയുടെ മാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ അല്ലാഹുവിൽ നിന്ന് അനുവാദം വാങ്ങിയിരിക്കുന്നത്. മനുഷ്യരിൽ അധികപേരുംതന്നെ പിൻപറ്റുമെന്ന് ശയ്ത്വാൻ വീരവാദം നടത്തിയിരുന്നു. ഇതെല്ലാം ഇന്ന് ലോകത്ത് നടക്കുന്നതായി നമ്മൾ കാണുന്നു. ഏതുവരെ എന്നാൽ ഈമാനുണ്ടെന്ന് വാദം ഉന്നയിക്കുന്നവർ പോലും ശയ്ത്വാന്റെ പിന്നാലെ പോകുകയാണ്. എന്നാൽ, അല്ലാഹു മുന്നറിയിപ്പ് നല്കിയിരുന്നു, താക്കീത് ചെയ്തിരിക്കുന്നു. ഉദാഹരണമായി വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: വമൻ യഖ്തുൽ മുഅ്മിനൻ മുതഅമ്മിദൻ ഫജസാഉഹൂ ജഹന്നമു(4:94) ഇനി ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവം വധിക്കുന്നതായാൽ അവനുള്ള ശിക്ഷ നരകമാണ്. ഇന്ന് മുസ്‌ലിം ലോകത്ത് എന്തെല്ലാം കാര്യങ്ങളാണ് നടമാടിക്കൊണ്ടിരിക്കുന്നത്. പരസ്പരം കൊലചെയ്തുകൊണ്ട് ശൈയ്ത്വാന്റെ പിന്നാലെ പോവുന്നു. അതുപോലെ പൊതുവെ ആരെയെങ്കിലും അകാരണമായി വധിക്കുകയെന്നത്, അതായത് തീവ്രവാദികൾ വിവിധ ആക്രമണങ്ങളിലൂടെ ചെയ്യുന്നത്, അത് ആരെയാണെങ്കിലും ശരി, വധിക്കുകയെന്നത് ശയ്ത്വാന്റെ പണിയാണ്. നരകത്തിൽ കൊണ്ടുച്ചെന്നെത്തിക്കുന്നതാണ്. ശയ്ത്വാന്റെ പ്രേരണയിൽ അകപ്പെട്ടുകൊണ്ട്, താൻ സ്വർഗത്തിൽ പോകുമല്ലോ എന്ന് കരുതിയാണ് ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഈ പ്രവൃത്തിചെയ്താൽ സ്വഗത്തിൽ പോകുമെന്ന് ശയ്ത്വാൻ പറയുന്നു. അല്ലാഹു പറയുന്നത് ഈ പ്രവൃത്തി ചെയ്താൽ സ്വർഗത്തിലേക്കല്ല, നരകത്തിലായിരിക്കും പോവുകയെന്നാണ്. കാരണം, നിങ്ങൾ ശയ്ത്വാന്റെ പിന്നാലെയാണ് പോകുന്നത്.

ആയതിനാൽ, നിങ്ങളുടെമേൽ സ്വയം എപ്പോഴും ദൃഷ്ടി പതിപ്പിച്ചു കൊണ്ടിരിക്കാൻ അല്ലാഹു വിശ്വാസികളോട് പറയുന്നു. നിങ്ങൾ ശയ്ത്വാന്റെ കാൽപാടുകളിലൂടെയാണോ നടന്നു കൊണ്ടിരിക്കുന്നതെന്ന് എപ്പോഴും നോക്കികൊണ്ടിരിക്കുക. ചെറിയ ചെറിയ കാര്യങ്ങൾ നിഷേധിച്ചുകൊണ്ട് ശയ്ത്വാന്റെ കാല്പാടുകളിലൂടെ നടക്കുകയാണോ? അതോ വലിയ വലിയ തിന്മകൾ ചെയ്തുകൊണ്ട് ശയ്ത്വാന്റെ പിന്നാലെ പോകുകയാണോ? ഞാൻ ഉദാഹരണം പറഞ്ഞതുപോലെ, തീവ്രവാദികളും കൊലയാളികളും മാത്രം ശയ്ത്വാന്റെ കാൽപാടുകളിലൂടെ നടക്കുന്നവർ ആകണമെന്നില്ല. മറിച്ച്, മനുഷ്യൻ പ്രത്യക്ഷമായ നിലയിൽ അല്ലാഹുവിന്റെ ചെറുതിൽ ചെറുതായ കല്പനപോലും ഉപേക്ഷിക്കുമ്പോൾ ശയ്ത്വാനിലേക്ക് മുന്നേറുകയാണ് ചെയ്യുന്നത്. അതുകൊണ്ട് വളരെ അധികം സൂക്ഷ്മത പാലിക്കേണ്ട ആവശ്യമുണ്ട്. യഥാർഥ വിശ്വാസിയായി ത്തീരുന്നതിന് വളരെ അധികം ജാഗ്രത പുലർത്തേണ്ട ആവശ്യമുണ്ട്. ശയ്ത്വാൻ മനുഷ്യനെ ആക്രമിക്കുമ്പോൾ, വഴിതെറ്റിക്കുമ്പോൾ അവന് എളുപ്പത്തിൽ മനസ്സിലാക്കാൻ പറ്റുന്ന വിധത്തിലുള്ളതല്ല അവന്റെ പ്രവർത്തനരീതി. ശയ്ത്വാൻ മനുഷ്യരെ വഴിതെറ്റിക്കുകയും തിന്മകൾക്ക് പ്രേരണ നല്കുകയും അല്ലാഹുവിന്റെ കല്പനകൾ ധിക്കരിക്കുന്നതിലേക്ക് കൊണ്ടുപോകുകയും ചെയ്യുമ്പോൾ, തുറന്ന നിലയിൽ നിങ്ങൾ ഇപ്രകാരം ചെയ്യൂ, ധിക്കരിക്കൂ, അല്ലാഹുവിൽനിന്ന് അകന്നുപോകൂ, ഇന്ന ഇന്ന തിന്മകൾ ചെയ്യൂ എന്നല്ല പറയുന്നത്. മറിച്ച്, നന്മയുടെ മറ പറ്റിയാണ് തിന്മയിലേക്ക് കൊണ്ടുപോകുന്നത്. ആദമിനേയും ശയ്ത്വാൻ അല്ലാഹുവിന്റെ കല്പനകളിൽ നിന്ന് വിദൂരപ്പെടുത്തിയത് നന്മയുടെ പേരിലാണ്.

തിന്മകൾ വ്യാപിക്കുന്നതെങ്ങനെയാണ്, തിന്മകൾ ഒരു സ്ഥലത്തുനിന്ന് വ്യാപിച്ച് ഒരു വിശാലമായ പ്രദേശത്തെ തന്റെ വരുതിയിൽ ഒതുക്കുന്നതെങ്ങനെയാണെന്ന കാര്യത്തിലേക്കും ഞാൻ ഓതിയ ഈ ആയത്ത് വെളിച്ചം വീശുന്നു. ശയ്ത്വാന്റെ കാലടികളിലൂടെ മനുഷ്യൻ നടക്കുമ്പോൾ, ഒന്നിനുശേഷം മറ്റൊന്നിൽ തന്റെ കാലുകൾ വെക്കുമ്പോൾ അതിന്റെ അർഥം തിന്മകളെ വ്യാപിപ്പിക്കുന്നുവെന്നാണ്. തുടക്കത്തിൽ ഒരു തിന്മ ബാഹ്യമായി നോക്കുമ്പോൾ വളരെ ചെറുതായി തോന്നും. അല്ലെങ്കിൽ മനുഷ്യൻ വിചാരിക്കും ഈ തിന്മ തനിക്കോ സമൂഹത്തിനോ എന്ത് നഷ്ടം വരുത്താനാണെന്ന്! എന്നാൽ, അത് വിശാലമായ ഇടങ്ങളിൽ വ്യാപിക്കുകയോ വലിയ തോതിൽ ജനങ്ങൾ അത് ചെയ്യാൻ തുടങ്ങുകയോ തിന്മകളിൽ നിന്ന് കണ്ണടക്കുകയോ സമൂഹത്തോടുള്ള ഭയം കാരണം അത് തിന്മയാണെന്ന് പറയാൻ ഭയപ്പെടുകയോ അപകർഷതാബോധത്തിൽ അകപ്പെട്ടുകൊണ്ട് ഇതിനെതിരിലുള്ള പ്രകടനം ഒരു പക്ഷേ അവരെ സമൂഹത്തിന്റെ ദൃഷ്ടിയിൽ താഴ്ത്തിക്കളയും എന്ന് ചിന്തിക്കുകയോ ചെയ്യുമ്പോൾ അവർ മൗനംപാലിക്കുന്നു. അതല്ലെങ്കിൽ അതനുസരിച്ച് പ്രവർത്തിക്കുകയില്ല. സ്വാതന്ത്ര്യത്തിന്റെ പേരിൽ സമൂഹത്തിൽ നടക്കുന്ന ഒരുപാട് കാര്യങ്ങളെ ഭരണകൂടങ്ങളും വകവെച്ചു കൊടുക്കാറുണ്ട്. എന്നാൽ, അവ തിന്മകളായിരിക്കും.

ഉദാഹരണമായി, ഇവരുടെ ദൃഷ്ടിയിൽ ഈ സമൂഹത്തിൽ ബാഹ്യത്തിലുള്ള ഒരു ചെറിയ തിന്മയാണ് പർദ. ഈ സമൂഹത്തിൽ ഈ പർദക്കെതിരിൽ ഒരുപാട് കാര്യങ്ങൾ പറയുന്നു, ഇവരുടെ കണ്ണുകളിൽ ഇത് ഒരു തിന്മയല്ല. അതുകൊണ്ടാണ് ഈ കാര്യങ്ങളെ കുറിച്ച് ശരീഅത്തിൽ കല്പന വേണ്ടിയിരുന്നില്ലെന്ന് ഇവർ പറയുന്നത്. ചില പെൺകുട്ടികൾ അപകർഷതാബോധത്താൽ ആളുകൾ എന്ത് പറയും എന്ന് വിചാരിച്ച്, അതല്ലെങ്കിൽ അവരുടെ സുഹൃത്തുക്കൾ അവരെ ഇഷ്ടപ്പെടില്ല എന്ന കാരണം കൊണ്ട് സ്കൂളുകളിലും കോളേജുകളിലും അധ്യാപകരും വിദ്യാർഥികളും ചിലപ്പോൾ പർദ്ദയെ പരിഹസിക്കുമെന്ന് കരുതി അത് ധരിക്കുന്നതിൽ അയവ് വരുത്തുന്നു. വളരെ നിസാരമായൊരു കാര്യമല്ലേ; നീ ഈ കല്പന പാലിക്കാത്തതുകൊണ്ട് നിന്റെ വിശുദ്ധിക്ക് എന്തു കോട്ടം തട്ടാനാണ്?, സമൂഹത്തിന്റെ കുത്തുവാക്കുകളിൽനിന്ന് രക്ഷപ്പെടാൻ നിന്റെ തട്ടവും, സ്കാർഫും, നിഖാബും അഴിച്ച്കളയുക, ഒന്നും സംഭവിക്കാനില്ല, നീ മറ്റെല്ലാ കാര്യങ്ങളും ഇസ്‌ലാമികാധ്യാപനങ്ങൾ അനുസരിച്ച് ചെയ്യുന്നുണ്ടല്ലോ എന്നൊക്കെ ശയ്ത്വാൻ പറയുന്നു. അത്തരം സമയങ്ങളിൽ പർദ അഴിച്ചു കളയുന്ന പെൺകുട്ടിക്കും സ്ത്രീക്കും അത് വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്ന കല്പനയാണെന്ന ചിന്തയുമുണ്ടായിരിക്കുകയില്ല. സ്ത്രീയുടെ ലജ്ജ എന്ന് പറയുന്നത് നാണം മറയ്ക്കുന്ന അവളുടെ വസ്ത്രമാണ്. സ്ത്രീയുടെ വിശുദ്ധി അവർ പരപുരുഷന്മാരുമായി ഇടപഴകുന്നതിൽ നിന്ന് വിട്ട് നില്ക്കുന്നതിലാണ്. ഈ സമൂഹത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പർദയെ കുറിച്ച് പുരുഷന്മാർ ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് വായടപ്പൻ മറുപടി നല്കുന്ന അഹ്മദി പെൺകുട്ടികളുമുണ്ട്: 'ഇത് ഞങ്ങളുടെ പ്രവൃത്തിയാണ്. ഞങ്ങൾ ഇഷ്ടപ്പെടുന്നതുപോലെ ഞങ്ങൾ പ്രവർത്തിക്കുന്നു. നിങ്ങൾ ഞങ്ങളെ പർദ അഴിച്ചുവെക്കാൻ നിർബന്ധിച്ചുകൊണ്ട് ഞങ്ങളുടെ സ്വാതന്ത്ര്യം ഹനിക്കുന്നതെന്തിനാണ്? ഞങ്ങളുടെ വസ്ത്രം ഞങ്ങൾക്ക് തോന്നുന്ന വിധത്തിൽ ധരിക്കാനും, സ്വീകരിക്കാനുമുള്ള അവകാശമുണ്ട്' എന്ന് പറയുന്നവരാണവർ. എന്നാൽ, അഹ്മദികളായിരുന്നിട്ടും ഈ സമൂഹത്തിൽ പർദ ധരിക്കുന്നതും സ്കാർഫ് ഇടുന്നതും വളരെ പ്രയാസകരമാണെന്നും തങ്ങൾക്ക് നാണം തോന്നുന്നുവെന്നും പറയുന്നവരുമുണ്ട്. മാതാപിതാക്കളും ചെറുപ്പംമുതൽതന്നെ കുട്ടികളിൽ ഇക്കാര്യം ഉണ്ടാക്കിയെടുക്കേണ്ടതാണ്. അതായത്, ഇസ്‌ലാമികാധ്യാ

## ഹദീഥുന്നബ്‌വി(സ)

ഇജ്ത്തനിബുൽ ഗളബ:

കോപത്തിൽനിന്ന് രക്ഷപ്പെടുക

ത്വാലിബെ ദുആ: അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.

C.M HIDAYATHULLAH 9447029141, 9946631222
CITYLINK
Linking Destinations
TRAVEL CORPORATION
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

പനങ്ങൾ അനുസരിക്കാത്തതിലാണ് നിങ്ങൾക്ക് ലജ്ജ ഉണ്ടാകേണ്ടത്, അല്ലാഹുവിന്റെ കല്പന പാലിക്കുന്നതിലല്ല എന്നു പറഞ്ഞുകൊടുക്കണം.

ഇതുപോലെതന്നെ ആൺകുട്ടികളിലും സ്വതന്ത്രമായ സമൂഹം കാരണത്താൽ ചില തിന്മകൾ പതുക്കെ പ്രവേശിക്കുന്നു. പിന്നീട് ഒരു തിന്മയിൽ ആൺകുട്ടികൾ കുടുങ്ങുമ്പോൾ അവരിൽ മറ്റു തിന്മകളും ഉണ്ടാകാൻ തുടങ്ങുന്നു. അവയിലും അവർ കുടുങ്ങിപ്പോകുന്നു.

ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നതിന് വീടുകളിൽത്തന്നെ അത്തരം സന്നാഹം ഉണ്ടാക്കിയെടുക്കേണ്ട ആവശ്യം ഉണ്ട്. അവന്റെ എല്ലാ ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടണമെന്ന് മാത്രമല്ല അതിന് മറുപടിയും നല്കണം. ശയ്ത്വാന്റെ സ്നേഹത്തെ സ്നേഹമാണെന്ന് കരുതി അതിനെ ജീവിതത്തിൽ കടന്നു കൂടാൻ അനുവദിക്കരുത്. മറിച്ച്, എപ്പോഴും ഇസ്തിഗ്ഫാർ-പാപപ്പൊറുതി തേടിക്കൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽ വരാൻ എല്ലാ അഹ്മദികളും പരിശ്രമിക്കേണ്ടതാണ്. ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടിയുള്ള ഏറ്റവും വലിയ അഭയം അല്ലാഹു തന്നെയാണ്. ഈ വഴിതെറ്റിയ കാലഘട്ടങ്ങളിൽ, ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽ വരാനായി പരിശ്രമിക്കേണ്ടതാണ്. കാരണം, ഇസ്തിഗ്ഫാറാണ് മനുഷ്യന് അല്ലാഹുവിന്റെ അഭയത്തിൽ എത്തിച്ചേരാനുള്ള മാർഗം.

ഒരു മനുഷ്യനും അറിഞ്ഞുകൊണ്ട് ഒരു തിന്മയിലേക്കും പോകാറില്ല. ഒരു കാര്യത്തെ കുറിച്ച് നഷ്ടം വരുത്തുമെന്ന് അറിവുണ്ടായിട്ടും അത് ചെയ്യാൻ ശ്രമിക്കുക എന്നത് പ്രകൃതി വിരുദ്ധമാണ്. ഒരു യഥാർഥ മുഅ്മിനെ സംബന്ധിച്ചിടത്തോളം അല്ലാഹു വ്യക്തമായ നിലയിൽ നന്മയും തിന്മയും പറഞ്ഞുതന്നിട്ടുണ്ട്. നന്മയേയും തിന്മയേയും കുറിച്ച് അല്ലാഹു നല്കിയിട്ടുള്ള അധ്യാപനങ്ങൾ അന്വേഷിച്ചുകൊണ്ട് തിന്മയിൽ നിന്ന് രക്ഷപ്പെടാനും നന്മചെയ്യാനും മനുഷ്യൻ പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ അഭയത്തിലും അവന്റെ കോട്ടയിലും ഇരിക്കുവോളം മനുഷ്യന് നഷ്ടമുണ്ടാക്കാൻ സാധ്യമല്ലെന്ന് ശയ്ത്വാന് നല്ല വണ്ണം അറിയാം. അതുകൊണ്ടാണ് ശയ്ത്വാൻ മനുഷ്യനെ ഈ അഭയത്തിൽ നിന്നും അവൻ സുരക്ഷിതനായിരിക്കുന്ന കോട്ടയിൽ നിന്നും പുറത്തുചാടിക്കാൻ തന്റെ പിന്നാലെ നടത്തുന്നത്. ശയ്ത്വാൻ നന്മയുടെ അത്യാഗ്രഹം ഹൃദയത്തിൽ ഇട്ടുകൊടുത്തുകൊണ്ടാണ് മനുഷ്യനെ പുറത്തുചാടിക്കുന്നതെന്ന കാര്യം വ്യക്തമാണ്. അതല്ലെങ്കിൽ അത്യാഗ്രഹം നല്കിക്കൊണ്ട് മാത്രമേ ഒരു വിശ്വാസിയെ അല്ലാഹുവിന്റെ അഭയത്തിൽ നിന്ന് പുറത്തുകൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ചില സമയത്ത്, നന്മയുടേയും മനുഷ്യരോടുള്ള സഹാനുഭൂതിയുടേയും മറ്റുള്ളവരെ സഹായിക്കുകയെന്നതിന്റേയും പേരിൽ സ്ത്രീകളും പുരുഷന്മാരും തമ്മിൽ പരിചയപ്പെടുന്നു. പിന്നീട് അത് മോശമായ ഫലങ്ങൾക്ക് കാരണമാകുന്നു. അതുകൊണ്ടാണ് നബി(സ)തിരുമേനി ഭർത്താക്കന്മാരില്ലാത്ത സ്ത്രീകളുടെ വീടുകളിൽ പോകുന്നത് വിലക്കാറുണ്ടായിരുന്നത്. അതിനുള്ള കാരണം പറഞ്ഞത് ശയ്ത്വാൻ മനുഷ്യന്റെ ഞരമ്പുകളിൽ രക്തംപോലെ ഓടിക്കൊണ്ടിരിക്കുന്നു എന്നാണ്. ഈ കല്പനയിൽ നബി(സ)തിരുമേനി ഒരു അടിസ്ഥാനപരമായ കല്പന പറഞ്ഞുതന്നു. രക്തബന്ധുക്കളല്ലാത്തവർ ഒരിക്കലുംതന്നെ പരസ്പരം സ്വാതന്ത്രമായ നിലയിൽ ഇടപഴകി ജീവിക്കരുത്. കാരണം ഇതുമുഖേന ശയ്ത്വാന് തന്റെ പണി യെടുക്കാനുള്ള അവസരം ലഭിക്കുന്നു.

അതുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ പേരിൽ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും സ്വതന്ത്രമായ ഇടപഴകലുകളെ, തനിച്ച് കണ്ടുമുട്ടുന്നതിനെ, ഒരു നിന്ദ്യതയായി ഗണിക്കാത്ത ഈ സമൂഹത്തിൽ അഹ്മദികൾ പ്രത്യേകമായ നിലയിൽ ജാഗ്രതയോടുകൂടി ഇരിക്കേണ്ടതാണ്.

തന്നെയുമല്ല, കേവലം അജ്ഞരായ ആൺകുട്ടികളും പെൺകുട്ടികളും മുഖേന മാത്രമല്ല തിന്മകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മറിച്ച് സ്വാതന്ത്ര്യത്തിന്റേയും സൗഹൃദത്തിന്റേയും പേരിൽ വിവാഹിതരായ ആളുകളുടെ വീടുകളിൽ ഒരു നിയന്ത്രണവുമില്ലാതെയുള്ള വരവും പോക്കും പ്രശ്നങ്ങളുണ്ടാക്കുന്നതും കാണാൻ സാധിച്ചിട്ടുണ്ട്. അങ്ങനെ കുടുംബം ശിഥിലമാകുന്നു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിക്കാൻ തൗഫീഖ് ചെയ്തു കൊണ്ട് അല്ലാഹു നമ്മുടെ മേൽ ഔദാര്യം കാണിക്കുകയും ഇസ്‌ലാമിന്റെ എല്ലാ കല്പനകളുടേയും ഹിക്മത്ത്-യുക്തി നമുക്ക് മനസ്സിലാക്കിത്തരികയും ചെയ്തിരിക്കുന്നു. നബി(സ) തിരുമേനിയുടേയും, അല്ലാഹുവിന്റേയും എല്ലാ കല്പനകളിലും ഒരു വിധത്തിലുള്ള ചോദ്യവും സംശയുമില്ലാതെ പ്രവർത്തിക്കേണ്ടതാണ്

തിന്മകളിൽ ഇന്ന് ടി.വി.യുടേയും ഇന്റർനെറ്റിന്റേയും ചില തിന്മകളുമുണ്ട്. അധികം വീടുകളും പരിശോധിക്കുകയാണെങ്കിൽ വലിയവർ മുതൽ ചെറിയവർ വരെ രാവിലെ സുബ്ഹി നമസ്കാരം കൃത്യസമയത്ത് അനുഷ്ഠിക്കാതിരിക്കാനുള്ള കാരണം ഒന്നുകിൽ രാത്രിവൈകിവരെ ടി.വി കാണുകയോ അല്ലെങ്കിൽ ഇന്റർനെറ്റിൽ ഇരിക്കുകയോ ചെയ്യുന്നതുകൊണ്ടാണ്. തങ്ങളുടെ പരിപാടികൾ കണ്ടുകൊണ്ടിരിക്കുന്നു. തൽഫലമായി രാവിലെ കണ്ണ് തുറയുകയില്ല. എന്നല്ല, അത്തരം ആളുകൾക്ക് രാവിലെ നമസ്കരിക്കുന്നതിന് എഴുന്നേല്ക്കണമെന്ന ശ്രദ്ധപോലും ഉണ്ടാകാറില്ല. ഈ രണ്ട് കാര്യങ്ങളും, അതുപോലെ തന്നെ ഇത്തരത്തിലുള്ള നിരവധി കാര്യങ്ങൾ ഒന്നോ രണ്ടോ തവണ മാത്രമല്ല നിങ്ങളുടെ നമസ്കാരങ്ങൾ പാഴാക്കുന്നത്. മറിച്ച്, ഇത് ശീലമായി തീരുന്നവർ നിത്യവും രാത്രി വൈകിവരെ പരിപാടികൾ കണ്ട് കൊണ്ടിരിക്കുകയോ ഇന്റർനെറ്റിന്റെ മുൻപിൽ ഇരിക്കുകയോ ചെയ്യുന്നതിനാൽ രാവിലെ നമസ്കാരത്തിനായി എഴുന്നേൽക്കുക എന്നത് അവർക്ക് പ്രയാസകരമായിരിക്കും. എന്നല്ല എഴുന്നേൽക്കുകയേയില്ല; അവർ നമസ്കാരത്തിന് ഒരു പ്രാധാന്യവും നൽകാറുമില്ല.

നമസ്കാരം എന്നത് അടിസ്ഥാനപരമായ ഒരു കാര്യമാണ്. അത് അനുഷ്ഠിക്കേണ്ടത് ഏതായിരുന്നാലും നിർബന്ധമാണ്. ഏതുവരെ എന്നാൽ, യുദ്ധത്തിലും പ്രയാസഘട്ടത്തിലും രോഗാവസ്ഥയിൽ പോലും, മനുഷ്യൻ ഇരുന്നുകൊണ്ടോ, കിടന്നുകൊണ്ടോ, യുദ്ധത്തിന്റേയും, യാത്രയുടേയും വേളയിൽ ഖസ്ർ ആക്കിയോ അനുഷ്ഠിക്കാവുന്നതാണ്. ഏതു പ്രതിസന്ധി ഘട്ടത്തിലായാലും അനുഷ്ഠിക്കേണ്ടതാണ്. സാധാരണ അവസ്ഥയിൽ പുരുഷന്മാരോട് ജമാഅത്തായിക്കൊണ്ടും സ്ത്രീകൾക്ക് സമയത്തും അനുഷ്ഠിക്കാനുമുള്ള കല്പനയാണുള്ളത്. എന്നാൽ, ശയ്ത്വാൻ കേവലം ഒരു ഭൗതിക പരിപാടിയുടെ അത്യാഗ്രഹം നല്കിക്കൊണ്ട് നമസ്കാരത്തിൽനിന്ന് ദൂരെക്കൊണ്ടു പോകുന്നു. ഇതുകൂടാതെ ഇന്റർനെറ്റിൽ വിവിധങ്ങളായ പരിപാടികളുണ്ട്, ആപ്ലിക്കേഷൻസു(Applications)കളുണ്ട്. ഫോൺ തുടങ്ങിയവ മുഖേന അല്ലെങ്കിൽ ഐപാഡ്(IPad) മുഖേന അതിലകപ്പെട്ടുകൊണ്ട് പോകുന്നു. ഇതിൽ ആദ്യം നല്ല പരിപാടികളാണ് കാണുന്നത്. പിന്നീട് അതിന്റെ ആകർഷണമനുസരിച്ച് എല്ലാ വിധത്തിലും വൃത്തികെട്ടതും സൽസ്വഭാവത്തെ ഇല്ലായ്മ ചെയ്യുന്നതുമായ പരിപാടികളും കാണുന്നു. ഒരുപാട് വീടുകളിൽ അസ്വസ്ഥതക്ക് കാരണം ഭാര്യയോടുള്ള അവകാശവും കുട്ടികളോടുള്ള കടമയും നിറവേറ്റപ്പെടാത്തതാണ്. എന്തുകൊണ്ടെന്നാൽ പുരുഷന്മാർ രാത്രിയിൽ ടി.വി. യിലും ഇന്റർനെറ്റിലും വ്യർഥമായ പരിപാടികൾ കാണുന്നതിൽ മുഴുകുന്നു. അത്തരം വീടുകളിലെ കുട്ടികളും അതേ വർണത്തിൽ വിഭൂഷിതരായിത്തീരുന്നു. അവരും അതെല്ലാം തന്നെകാണുന്നു. ഒരു അഹ്മദി ഭവനം ഇത്തരം എല്ലാ രോഗങ്ങളിൽ നിന്നും രക്ഷപ്പെടാൻ പരിശ്രമിക്കേണ്ടതാണ്.

നബി(സ)തിരുമേനിക്ക് വിശ്വാസികളെ ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടുത്തുന്നതിന് എത്രമാത്രം വ്യാകുലത ഉണ്ടായിരുന്നു. അവിടന്ന് ഏതുവിധത്തിലാണ് തന്റെ സഹാക്കളെ ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നതിന് ദുആ പഠിപ്പിച്ച് കൊണ്ടിരുന്നത്. എത്രമാത്രം സമ്പൂർണമായ ദുആകളാണ് പഠിപ്പിച്ചിരുന്നത്, ഇതിനെ കുറിച്ച് ഒരു സ്വഹാബി ഇപ്രകാരം വിവരിച്ചിട്ടുണ്ട്: നബി(സ) തിരുമേനി ഞങ്ങൾക്ക് ഈ ദുആ പഠിപ്പിച്ചുതന്നു.

അല്ലാഹുവേ, ഞങ്ങളുടെ മനസ്സിൽ സ്നേഹമുണ്ടാക്കേണമേ. ഞങ്ങളുടെ പരിഷ്കരണം നടത്തേണമേ. ഞങ്ങളെ സമാധാനത്തിന്റെ വഴിയിൽ നടത്തേണമേ. ഞങ്ങളെ അന്ധകാരത്തിൽനിന്ന് മോക്ഷം നല്കി പ്രകാശത്തിലേക്ക് കൊണ്ടുപോകേണമേ. ഞങ്ങളെ ആന്തരികവും ബാഹ്യവുമായ ദുർവൃത്തികളിൽ നിന്ന് രക്ഷപ്പെടുത്തേണമേ. ഞങ്ങൾക്കുവേണ്ടി ഞങ്ങളുടെ ചെവികളിലും, കണ്ണുകളിലും, ഞങ്ങളുടെ ഭാര്യമാരിലും ഞങ്ങളുടെ മക്കളിലും അനുഗ്രഹം വെക്കേണമേ. ഞങ്ങളിൽ കാരുണ്യത്തോടുകൂടി തിരിയേണമേ. നിശ്ചയമായും നീ മാത്രമാണ് തൗബ സ്വീകരിക്കുന്നവനും കൂടെക്കൂടെ കരുണ ചൊരിയുന്നവനും! ഞങ്ങളെ നിന്റെ നിഅ്മത്തുകൾക്ക് നന്ദി കാണിക്കുന്നവരും അതിനെ നല്ല രീതിയിൽ സ്മരിക്കുന്നവരും അതിനെ സ്വീകരിക്കുന്നവരും ആക്കിത്തീർക്കേണമേ. അല്ലാഹുവേ, ഞങ്ങളിൽ അനുഗ്രഹം പൂർത്തിയാക്കേണമേ.(സുനൻ അബൂദാവൂദ്, കിതാബുസ്സലാത്ത് ഹദീഥ് 969)

ലോകത്തിലെ മോശമായ വിനോദങ്ങളിൽനിന്നും മറ്റെല്ലാവിധത്തിലുള്ള തിന്മകളിൽനിന്നും ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്നും തടയുന്ന ദുആയാണിത്.

ഇന്നും ലോകത്ത് വിനോദത്തിന്റെ പേരിൽ വിവിധങ്ങളായ വ്യർഥമായ കർമങ്ങൾ അരങ്ങേറുന്നു. മനുഷ്യൻ കാതുകളിലും കണ്ണുകളിലും അനുഗ്രഹം ഉണ്ടാകുന്നതിന് ദുആ ചെയ്യുമ്പോൾ, സമാധാനം കരസ്ഥമാക്കുന്നതിനും അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് വരുന്നതിനും ദുആ ചെയ്യുമ്പോൾ, ഭാര്യമാരുടെ കടമകൾ നിറവേറ്റുന്നതിനുവേണ്ടി ദുആ ചെയ്യുമ്പോൾ, കുട്ടികൾ കണ്ണിന് കുളിർമയായി ത്തീരാൻ ദുആ ചെയ്യുമ്പോൾ നിരർഥ കാര്യങ്ങളിലേക്കും നീചകൃത്യങ്ങളിലേക്കുമുള്ള ശ്രദ്ധ സ്വയം ഇല്ലാതായിത്തീരുന്നതാണ്. അങ്ങനെ മുഴുവൻ ഭവനവും ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരു മാർഗമായി മുഅ്മിൻ മാറും.

ഇന്ന് ഏതൊരു കാലഘട്ടത്തിലൂടെയാണോ നമ്മൾ കടന്നു പോകുന്നത് ഏതെങ്കിലും ഒരു രാജ്യത്തിലെ കാര്യമല്ല ഇത്. മറിച്ച്, മുഴുവൻ ലോകത്തിന്റേയും അവസ്ഥ ഇതുതന്നെയാണ്. മാധ്യമങ്ങൾ നമ്മെ പരസ്പരം അടുപ്പിച്ചിരിക്കുന്നു, നിർഭാഗ്യവശാൽ നന്മയിൽ അടുപ്പിക്കുന്നതിനു പകരം ശയ്ത്വാന്റെ പിന്നാലെ പോകുന്നതിലേക്കാണ് നമ്മെ കൂടുതൽ അടുപ്പിച്ചിരിക്കുന്നത്. അത്തരം അവസ്ഥയിൽ ഒരു അഹ്മദി വളരെ അധികം തന്റെ അവസ്ഥയിൽ ദൃഷ്ടി പതിപ്പിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു നമുക്ക് എം.ടി.എ. നല്കിയിരിക്കുന്നു. അല്ലാഹു നമുക്ക് ജമാഅത്തിന്റെ ആത്മീയവും വൈജ്ഞാനികവുമായ പരിപാടികൾക്ക് വെബ്സൈറ്റും നല്കിയിട്ടുണ്ട്. നമ്മൾ നമ്മുടെ കൂടുതൽ ശ്രദ്ധ ഈ ഭാഗത്തേക്ക് തിരിക്കുമ്പോഴായിരിക്കും നമ്മുടെ ശ്രദ്ധ ഈ ഭാഗത്ത് നിലകൊള്ളുന്നത്. ഇതുമുഖേന നമ്മൾ അല്ലാഹുവിന്റെ സമീപസ്ഥരായിത്തീരും. ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നവരായിത്തീരും.

വിനോദത്തിനുവേണ്ടി മറ്റു ടി.വി. ചാനലുകൾ കാണണമെങ്കിൽ, ഈ കാര്യം സൂക്ഷിക്കേണ്ടതാണ്. സ്വയം മാതാപിതാക്കളും ഈ കാര്യം സൂക്ഷിക്കുക. കുട്ടികളുടെമേൽ ശ്രദ്ധ കൊടുക്കുക. എന്നിട്ട് നല്ല നിലയിലുള്ള പരിപാടികൾ കാണുക. എവിടെയാണോ അനാവശ്യവും, വൃത്തികേടുമുള്ളത് അതിൽ നിന്ന് രക്ഷപ്പെടുക. ഇന്ന് കേവലം ലജ്ജയില്ലായ്മയിലേക്കും അധമകർമങ്ങളിലേക്കുമാണ് അത് നമ്മളെ കൊണ്ടുപോകുന്നത്. അല്ലാഹുവിൽനിന്ന് അകൽച്ച ഉണ്ടാകുന്നിടത്തേക്കാണ് കൊണ്ടുപോകുന്നത്. വീട്ടിലെ എല്ലാവരും ഒരുമിച്ചുകൊണ്ട് ഏറ്റവും ചുരുങ്ങിയത് എല്ലാ ആഴ്ചയും എം.ടി.എ യിൽ ഖുത്ബ നിർബന്ധമായും കേൾക്കുന്നതും ദിവസവും ഒരു മണിക്കൂറെങ്കിലും എം.ടി.എ യിലെ മറ്റു പരിപാടികൾ കാണുന്നതും എല്ലാം അഹ്മദി വീടുകളും നിർബന്ധമാക്കേണ്ടതാണ്. ഏതെല്ലാം വീടുകളിലാണോ ഇതനുസരിച്ച് പ്രവർത്തിക്കുന്നത് അവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുഴുവൻ വീട്ടുകാരും ദീനിലേക്ക് ചായ്‌വുള്ളവരായികാണാൻ സാധിക്കുന്നു. കുട്ടികൾ ദീൻ പഠിക്കുന്നു, വലിയവരും ദീൻ പഠിക്കുന്നു. അതുകൊണ്ട് ഇതനുസരിച്ച് ആരു

പ്രവർത്തിച്ചാലും നിശ്ചയമായും ഇതുമുഖേന മതപരമായ പ്രയോജനം ലഭിക്കുന്നതോടൊപ്പം ശയ്ത്വാനിൽ നിന്ന് ദൂരപ്പെടുകയും ചെയ്യുന്നതായിരിക്കും. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാകുന്നതായിരിക്കും. വീടുകൾക്ക് ഇതു മുഖേന സമാധാനവും ലഭിക്കുന്നതായിരിക്കും. നബി(സ)തിരുമേനി നമുക്ക് ദുആ മുഖേന പഠിപ്പിച്ചിരുന്നതു പോലെ, ഇതിൽ ബർക്കത്തും ഉണ്ടാകുന്നതാണ്.

ഒരു മാതാവ് എനിക്കെഴുതി, ''എന്റെ മകൻ 17 വയസ്സുവരെ നേരെയായിരുന്നു, നമസ്കാരവും മറ്റും അനുഷ്ഠിക്കാറുണ്ടായിരുന്നു. മജ്‌ലിസിന്റെ പ്രവർത്തനങ്ങളിൽ താൽപര്യം കാണിക്കുമായിരുന്നു. എന്നാൽ, വലുതായപ്പോൾ അവന് അല്പം സ്വാതന്ത്ര്യം ലഭിച്ചപ്പോൾ, അവന്റെ സുഹൃത്തുക്കൾ കാരണം അവൻ ദീനിൽ നിന്ന് പൂർണമായും അകന്നിരിക്കുന്നു. ഒരു പ്രായത്തിൽ ആൺകുട്ടികളിൽ സമൂഹത്തിന്റെ സ്വാധീനം ഉണ്ടാകുന്നുവെന്ന കാര്യം ശരിതന്നെ, ഉണ്ടാവാം. എന്നാൽ, മാതാപിതാക്കൾക്ക് കുട്ടികളുമായി സുഹൃത്ബന്ധമുണ്ടെങ്കിൽ, നല്ലതും ചീത്തയുമായ കാര്യങ്ങൾ അവർക്ക് പറഞ്ഞ് കൊടുത്താൽ, വീട്ടിലെ സാഹചര്യം മതപരമായതാക്കുകയാണെങ്കിൽ, ഞാൻ പറഞ്ഞതുപോലെ അല്ലാഹു ഭൗതികമായ നിലയിലും വിനോദത്തിനുമുള്ള മാർഗം നല്കിയിട്ടുണ്ട്. ആ വിനോദത്തിന്റെ സംവിധാനത്തിൽത്തന്നെ തർബിയ്യത്തിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതെല്ലാം എല്ലാവരും ഒരുമിച്ചുകൊണ്ട് കാണുകയാണെങ്കിൽ, ഇതിൽ നിന്ന് പ്രയോജനമെടുക്കുകയാണെങ്കിൽ, കുട്ടികൾക്ക് വീട്ടിൽ പ്രാധാന്യമുണ്ടെന്നുള്ള തോന്നൽ അവർക്കുണ്ടായാൽ അവർ പുറത്ത് പോവുകയില്ല. ചീത്തക്കാര്യങ്ങളിൽ ഉൾപ്പെടുകയുമില്ല. പുറത്ത് അവർക്ക് സമാധാനം അന്വേഷിക്കേണ്ട ആവശ്യം വരുകയില്ല, മറിച്ച് അവർ തങ്ങളുടെ വീടുകളിൽത്തന്നെ സമാധാനം കണ്ടെത്തുന്നതാണ്.

അതോടൊപ്പം മാതാപിതാക്കളുടെ ഒരു നിർബന്ധ കടമയാണ് കുട്ടികളെ മസ്ജിദുമായി അടുപ്പിക്കുകയും ഉപസംഘടനകളുടെ പരിപാടികളിൽ ഉൾപെടുത്തുകയും ചെയ്യുക എന്നത്.

ഇവിടെ ഞാൻ ഉപസംഘടനകളോടും ജമാഅത്തി വ്യവസ്ഥിതിയോടും എന്നല്ല ഉപസംഘടനകളോടു പ്രത്യേകമായ നിലയിൽ പറയുന്നത് അവർ തങ്ങളുടെ അംഗങ്ങളെ കാത്തുസൂക്ഷിക്കുക എന്നാണ്. എല്ലാ ഓരോന്നും പ്രത്യേകമാക്കപ്പെട്ട വിഭാഗമാണ്. വളരെ എളുപ്പത്തിൽ സംരക്ഷിക്കാൻ കഴിയും. ഖുദ്ദാം ഖാദിംകളെ നോക്കണം. ലജ്ന, ലജ്ന അംഗങ്ങളെ സംരക്ഷിക്കണം. പ്രത്യേകിച്ചും അത്ഫാലിനേയും യുവഖാദിമീകളേയും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. നാസിറാത്തുകളേയും യുവ ലജ്ന അംഗങ്ങളേയും സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. അവരെ ജമാഅത്തുമായി സുദൃഢമായ നിലയിൽ ബന്ധിപ്പിക്കുക എന്നത് ഉപസംഘടനകളുടെ ഭാരിച്ച ഉത്തരവാദിത്വമാണ്. സൗഹൃദപരമായ പെരുമാറ്റം കൊണ്ട് വിവിധ തരക്കാരായ ആളുകളേയും യുവാക്കളേയും പരസ്പരം കൂട്ടിച്ചേർത്തുമുന്നോട്ടുകൊണ്ടുപോകാൻ പറ്റുന്ന തങ്ങളുടെ ഖാദിംകളെ ഉൾപ്പെടുത്തി ഖുദ്ദാം ടീമുകളുണ്ടാക്കുക.

എന്നാൽ, കൂടുതൽ പരാതികളുള്ളത് പൊതുവെ യുവതികളായ പെൺകുട്ടികൾക്കാണ്.15 വയസ്സിനു ശേഷം എല്ലാ പെൺകുട്ടികളും ലജ്ന സംഘടനയിൽ ഉൾപ്പെടുന്നവരാണ്. ഒരൊറ്റ സംഘടനയാണുള്ളത്. ചില പ്രായം കൂടിയ സ്ത്രീകളുടെ പ്രത്യേകിച്ച് ഭാരവാഹികളുടെ പെൺകുട്ടികളോടുള്ള പെരുമാറ്റം കൊണ്ട് അവർ ദീനിൽ നിന്ന് അകലുന്നില്ലെങ്കിലും മജ്‌ലിസിന്റെ പരിപാടികളിൽ നിന്ന് തീർചയായും അകന്നു നില്ക്കുന്നു. ഭാരവാഹികൾ അവരെ ദീനുമായി അടുപ്പിക്കുന്ന വിധത്തിൽ സ്നേഹത്തോടെ അവരോടു പെരുമാറേണ്ടതാണ്. അവരെ മസ്ജിദുമായി ബന്ധിപ്പിക്കുക, തങ്ങളുടെ മജ്‌ലിസുമായി ബന്ധിപ്പിക്കുക. ജമാഅത്തുമായി ബന്ധിപ്പിക്കുക. ഇല്ലെങ്കിൽ ശയ്ത്വാൻ ഏതെങ്കിലും വിധത്തിലുള്ള ബലഹീനന്റേയും ഏതെങ്കിലും ഭാരവാഹിക്കെതിരെ ആക്ഷേപം ഉന്നയിക്കുന്നവന്റേയുംമേൽ ആക്രമണം നടത്തി തന്റെ വരുതിയിൽ ആക്കുന്നതിനുവേണ്ടി തക്കം പാർത്തിരിക്കുകയാണ്.

ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേന ശയ്ത്വാനുമായുള്ള അവസാനത്തെ യുദ്ധത്തിനുവേണ്ടിയാണ് നമ്മൾ അദ്ദേഹത്തിൽ വിശ്വസിച്ചത്. എന്നാൽ, നമ്മൾ നമ്മുടെ കർമങ്ങൾ കൊണ്ട് ശയ്ത്വാന് അവസരം നൽകുകയാണെങ്കിൽ, ഭാരവാഹികളുടെ സ്വഭാവം കാരണം നമ്മുടെ കുട്ടികളേയും യുവതികളേയും ശയ്ത്വാൻ സഹാനുഭൂതി കാണിച്ച് തന്റെ കൂടെ ചേർക്കുകയാണെങ്കിൽ, അത്തരം ഭാരവാഹികൾ പുരുഷന്മാരാണെങ്കിലും സ്ത്രീകളാണെങ്കിലും അവർ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സഹായികളല്ല. മറിച്ച്, ശയ്ത്വാന്റെ സഹായികളാണ്. അതുകൊണ്ട് ഓരോ ഭാരവാഹിയും പ്രത്യേകിച്ച് ഈ ഒരു പരിശ്രമം നടത്തേണ്ടതാണ്. അവർ സ്വയം തങ്ങളേയും ശയ്ത്വാന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുത്തേണ്ടതാണ്. ജമാഅത്തംഗങ്ങളെയും രക്ഷപ്പെടുത്തേണ്ടതാണ്.

അല്ലാഹു ചെയ്ത അനുഗ്രഹമെന്താണെന്ന് മനസിലാക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് നല്കിക്കൊണ്ടും അവരെ അഹ്മദി വീടുകളിൽ ജനിപ്പിച്ചുകൊണ്ടും ഔദാര്യം ചെയ്തിരിക്കുന്നു എന്ന കാര്യം ബുദ്ധിയുള്ള എല്ലാ അഹ്മദികളും യുവാക്കളായ ആൺകുട്ടികളും പെൺകുട്ടികളും ഓർക്കേണ്ടതാണ്. നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാനുള്ള തൗഫീഖ് നല്കി. അദ്ദേഹത്തിന്റെ വരവിനെ കുറിച്ചുള്ള സന്തോഷവാർത്ത നബി(സ)തിരുമേനി നല്കിയതായിരുന്നു. അദ്ദേഹമാണ് ഈ കാലഘട്ടത്തിൽ ശയ്ത്വാനെ പരാജയപ്പെടുത്തേണ്ടത്. അതുകൊണ്ട് അവർ തങ്ങളേക്കാൾ മുതിർന്നവരുടേയോ പുണ്യാത്മാവ് ചമയുന്നവരുടേയോ ഭാരവാഹികളുടേയോ പെരുമാറ്റം കാരണം തങ്ങളെ സ്വയം ദീനിൽ നിന്ന് ദൂരപ്പെടുത്തരുത്. മറിച്ച് ശയ്ത്വാനെ പരാജയപ്പെടുത്തുന്നതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹായികളായി മാറേണ്ടതാണ്. ഇതിനുവേണ്ടി അല്ലാഹുവിനോട് ദുആ ചെയ്യേണ്ടതാണ്. താൻ സമീഉം അലീമുമാണെന്ന് അല്ലാഹു പറയുന്നു; കേൾക്കുന്നവനും അറിയുന്നവനുമാണ്. നിങ്ങൾക്ക് ശയ്ത്വാന്റെ ആക്രമണത്തെ തൊട്ട് എത്രമാത്രം ഭയമുണ്ടെന്ന കാര്യം അറിയാം. നിങ്ങൾ അവനിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി പരിശ്രമിക്കുകയും ദുആ ചെയ്യുകയും ചെയ്യുന്നുണ്ടെന്നും അറിയാം. അതുകൊണ്ട് ഞാൻ നിങ്ങളുടെ ദുആ കേൾക്കുന്നതാണ്. നിങ്ങൾ ദുആ ചെയ്യുക. അത്തരം ചിന്താഗതികളുണ്ടാക്കുന്ന സാഹചര്യത്തിൽനിന്നുപോലും സുരക്ഷിതരായിരിക്കുക. ഈ ദുആയോടൊപ്പം നിങ്ങളെ ശയ്ത്വാന്റെ കാര്യങ്ങളിൽ അകപ്പെട്ടുപോകുന്ന ചുറ്റുപാടുകളിൽ നിന്നും രക്ഷപ്പെടുത്തുക. നിങ്ങൾ ശയ്ത്വാന്റെ ആക്രമണത്തിൽ നിന്ന് എന്നെന്നേക്കുമായി സുരക്ഷിതരായിരിക്കാൻ വേണ്ടി ദുആ ചെയ്യുക.

അതുപോലെതന്നെ ദീനീപരമായ സേവനം ഏല്പിക്കപ്പെട്ടിട്ടുള്ളവരും ജമാഅത്തംഗങ്ങളുടെ മാർഗദർശനത്തിന്റേയും തർബിയ്യത്തിന്റേയും ജോലി ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ളവരും തങ്ങളുടെ വാക്കും പ്രവൃത്തിയും അല്ലാഹുവിന്റെ പ്രീതിക്ക് അനുസൃതമായി വാർത്തെടുക്കാൻ ശ്രമിക്കുക. അവർ കാരണം ആരെയും ശയ്ത്വാന്റെ സഞ്ചിയിൽ അകപ്പെടുത്താതിരിക്കാനും എന്നല്ല ഒരിക്കലും ഒരു ജമാഅത്തംഗവും ശയ്ത്വാന്റെ പിന്നാലെ നടക്കുന്നവരായിത്തീരാതിരിക്കാനും അല്ലാഹുവിനോട് ആത്മാർത്ഥതയോടുകൂടി ദുആ ചെയ്യുക. അത്തരം ആത്മാർത്ഥതയോടുകൂടി ചെയ്യപ്പെട്ട ദുആകൾ താൻ കേൾക്കുമെന്ന് അല്ലാഹു പറയുന്നു. നിങ്ങൾക്കും ശയ്ത്വാൻ ആക്രമിക്കുന്നവർക്കും നിങ്ങൾ അവന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി മാർഗദർശനം നല്കിക്കൊണ്ടിരിക്കും; അല്ലാഹുവിന്റെ സഹായവും അവന്റെ മുൻപിൽ കുനിയാതെയും നിങ്ങൾക്ക് ശയ്ത്വാന്റെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെടുക എന്നത് അസംഭാവ്യമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ സഹായം അന്വേഷിക്കുക.

ഞാൻ പറഞ്ഞതുപോലെ, നീ എന്നെ നിർബന്ധപൂർവം തടയുന്നില്ലെങ്കിൽ, എനിക്ക് അവധി നല്കുന്നതായാൽ, ഞാൻ മനുഷ്യരെ വഴിതെറ്റിക്കുന്നതും അതിനായി എല്ലാ വിധത്തിലും ശ്രമം നടത്തുന്നതുമാണെന്ന് ശയ്ത്വാൻ അല്ലാഹുവിനോട് പറഞ്ഞിരുന്നു. ഈ ശ്രമത്തിൽ ശയ്ത്വാൻ ഏതു വരെയാണ് പോകുന്നത്? ഒരു സാധാരണ വിശ്വാസി അവിടെ നില്ക്കട്ടെ, ശയ്ത്വാൻ അല്ലാഹുവിന്റെ വലിയ്യുമാരെ പോലും അവസാന നിമിഷം വരെ തന്റെ പിടിത്തത്തിൽ ഒതുക്കിനിറുത്താൻ ശ്രമിച്ചുകൊണ്ടിരിക്കും. മരണാസന്നനായാൽപോലും അവന്റെ പിടിയിൽ നില്ക്കുന്നവിധത്തിൽ, എന്തെങ്കിലും പ്രവൃത്തി ചെയ്യിക്കാനുള്ള ശ്രമമായിരിക്കും അവന്റെ ഭാഗത്തുനിന്നുണ്ടാവുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മജ്‌ലിസിൽ ഏതോ ഒരു വ്യക്തി താൻകണ്ട സ്വപ്നത്തെ കുറിച്ച് പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആ സ്വപ്നം കേട്ടതിനുശേഷം പറഞ്ഞു, ഈ സ്വപ്നം ഒരു വിസ്മയകരമായ കാര്യത്തിലാണ് അവസാനിച്ചത്. ശയ്ത്വാൻ മനുഷ്യനെ വിവിധങ്ങളായ രൂപങ്ങളിലൂടെ വഞ്ചിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ, താങ്കളുടെ ഫലം വളരെ നല്ലതാണെന്ന് അറിയാൻ കഴിയുന്നു. കാരണം, ഈ സ്വപ്നത്തിന്റെ അവസാനം നല്ല സ്ഥലത്താണ് സംഭവിച്ചിരിക്കുന്നത്. സ്വപ്നം കേൾപ്പിക്കുകയായിരുന്ന വ്യക്തിയുടെ സ്വപ്നത്തിന്റെ അവസാനം ശയ്ത്വാനിൽ നിന്ന് രക്ഷപ്പെട്ടു എന്നായിരുന്നു. ശയ്ത്വാൻ അദ്ദേഹത്തെ ആക്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, അധികവും ശയ്ത്വാന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ മനുഷ്യൻ ശ്രമിക്കുമ്പോൾ അത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണ് സംഭവിക്കുക. പിന്നീട് അവിടന്ന് പറഞ്ഞു, ഒരു വലിയുല്ലായുടെ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം വഫാത്തായപ്പോൾ അദ്ദേഹത്തിന്റെ അവസാനത്തെ വാക്കുകൾ ഇപ്പോഴില്ല, ഇപ്പോഴില്ല എന്നായിരുന്നു, വലിയുല്ലാഹ് മരിക്കാൻ തുടങ്ങിയപ്പോൾ മരിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തിന്റെ നാവുകളിൽ ഉണ്ടായിരുന്ന വാക്കുകൾ ഇപ്പോഴില്ല, ഇപ്പോഴില്ല എന്നതായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് അദ്ദേഹത്തിന്റെ ഒരു ശിഷ്യനുണ്ടായിരുന്നു. ഈ വാക്കുകൾ കേട്ട് അയാൾ വളരെയധികം ആശ്ചര്യപ്പെട്ടു. അദ്ദേഹത്തിന്റെ മരണത്തിനുശേഷം രാത്രിയും പകലും കരഞ്ഞുകൊണ്ട് ദുആ ചെയ്യാൻ തുടങ്ങി. ഇത് എന്താണ് കാര്യം? എന്ത്കൊണ്ടാണ് വലിയുല്ലാഹ് ഇപ്പോഴില്ല, ഇപ്പോഴില്ല എന്ന് പറഞ്ഞുകൊണ്ടിരുന്നത്? ഏതായിരുന്നാലും ഒരു ദിവസം സ്വപ്നത്തിൽ അദ്ദേഹത്തെ കണ്ടുമുട്ടി. അല്ലാഹുവിന്റെ ആ ഒലിയോട്, അയാൾ ചോദിച്ചു, ഈ അവസാന വാക്കുകൾ എന്തായിരുന്നു. താങ്കൾ എന്ത്കൊണ്ടാണ് ഇപ്പോഴില്ല, ഇപ്പോഴില്ല എന്ന് പറഞ്ഞത്? അദ്ദേഹം മറുപടി പറഞ്ഞു, ശയ്ത്വാൻ മരണസമയത്ത് എല്ലാ മനുഷ്യരുടെ മേലും അവരുടെ ഈമാനിക പ്രകാശം അവസാന സമയം തട്ടിയെടുക്കുന്നതിനുവേണ്ടി ആക്രമണം നടത്തുന്നു. അതുകൊണ്ട് അവൻ തന്റെ സാധാരണ രീതി അനുസരിച്ച് എന്റെ അടുത്തും വന്നു. എന്നെ മുർത്തദ്ദാക്കാൻ ആഗ്രഹിച്ചു, ദീനിൽ നിന്ന് അകറ്റാൻ ആഗ്രഹിച്ചു. ഞാൻ അവന്റെ ഒരാക്രമണവും നടത്താൻ അവസരം നല്കാതിരുന്നപ്പോൾ അവൻ എന്നോട് പറഞ്ഞു, നീ എന്റെ കൈകളിൽ നിന്ന് രക്ഷപ്പെട്ടു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇപ്പോഴില്ല, ഇപ്പോഴില്ല എന്ന്. അതായത് ഏതുവരെ ഞാൻ മരിക്കുന്നില്ലയോ അതുവരെ എനിക്ക് നിന്നിൽ നിന്ന് സമാധാനം ഉണ്ടാവുകയില്ല.(മൽഫൂദാത്ത് വാള്യം 5, പേജ് 306 1985 ലണ്ടൻ പതിപ്പ്) നിശ്ചയമായും നീ വഴിതെറ്റിച്ചുകൊണ്ടിരിക്കുന്നു. ഞാൻ എല്ലാവിധത്തിലും രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. പക്ഷേ, ജീവനുള്ളിടത്തോളം നീ വഴി തെറ്റിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് എന്റെ ജീവൻ പുറത്തുപോകാത്തിടത്തോളം നിന്നിൽ ഞാൻ രക്ഷപ്പെട്ടു എന്ന് പറയാൻ എനിക്കു സാധ്യമല്ല.

ഇതാണ് ഔലിയാക്കൾ നമ്മുടെ മുമ്പിൽ സ്ഥാപിച്ച മാതൃകയുടെ നിലവാരം. അല്ലാഹുവിന്റെ വലിയ്യുമാരെ പോലും അവരുടെ പര്യവസാനം മോശമാക്കി അവരെ നരകത്തിലിടാൻ ശയ്ത്വാൻ ശ്രമിക്കുന്നു. ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം ഭയപ്പെടേണ്ട സ്ഥാനമാണിത്. ഒരു

സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അശ്ര ദ്ധയുടെ ഏതുനിമിഷവും ശയ്ത്വാൻ അവനെ തന്റെ കൈയിൽ എടുക്കാവുന്നതാണ്. അതുകൊണ്ട് എപ്പോഴും തൗബയും ഇസ്തിഗ്ഫാറും ചെയ് തുകൊണ്ടിരിക്കേണ്ടതാണ്.

പിന്നീട് മനുഷ്യന്റെമേലുള്ള ശയ്ത്വാന്റെ ആക്ര മണ ശ്രമത്തെ സംബന്ധിച്ച് ബന്ധപ്പെട്ട് മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

ശയ്ത്വാൻ മനുഷ്യനെ വഴിതെറ്റിക്കുന്നതിനും, അവന്റെ കർമങ്ങൾ പാഴാക്കിക്കളയുന്നതിനും എ പ്പോഴും പതുങ്ങിയിരിക്കുന്നു. എത്രത്തോളമെന്നാൽ, അവൻ നല്ല കാര്യങ്ങളിൽപോലും അവനെ വഴി തെറ്റിക്കാൻ ഉദ്ദേശിക്കുന്നു. ഏതെങ്കിലും വിധത്തി ലുള്ള കുഴപ്പമുണ്ടാക്കാൻ തന്ത്രം മെനയുന്നു. ഉദാ ഹരണമായി, നമസ്കരിക്കുമ്പോൾ അതിലും പ്രദർ ശനപരതയും മറ്റും കൂട്ടിച്ചേർക്കാൻ ആഗ്രഹിക്കു ന്നു. മനുഷ്യൻ നമസ്കരിക്കുന്നത് നന്മയാണെ ങ്കി ലും കുഴപ്പം ഉണ്ടാകുന്നതിനും നമസ്കാരം ആത്മാ ർഥമായിട്ടുള്ളതാകാതിരിക്കാനുംവേണ്ടി ശയ്ത്വാൻ അയാളുടെ ഹൃദയത്തിൽ ഏതെങ്കിലും വിധത്തി ലുള്ള പ്രദർശനപരതയുടെ കാര്യം ഇടാൻ ആഗ്ര ഹിക്കുന്നു. പിന്നീട് പറഞ്ഞു, ഇമാമത്ത് വഹി ക്കുന്ന വ്യക്തിയേയും ഈ പരീക്ഷണത്തിൽ അക പ്പെടുത്താൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവ ന്റെ ആക്രമണത്തെ ഒരിക്കലും ഭയപ്പെടാതിരിക്ക രുത്. കാരണം കുഴപ്പക്കാരിലും, പാപികളിലും, ഭൗതികതയിൽ മുങ്ങിയവരിലും വഴിതെറ്റിയവരിലും ദീനിൽ നിന്ന് ദൂരപ്പെട്ടവരിലും ശയ്ത്വാന്റെ ആക്ര മണം തുറന്ന നിലയിലായിരിക്കും. അവർ ഏതാ യിരുന്നാലും അവന്റെ വേട്ടമൃഗങ്ങൾ തന്നെയാണ്. എന്നാൽ, സ്വാത്മപരിത്യാഗികളുടെമേലും ആക്രമ ണം നടത്തുന്നതിൽനിന്ന് അവൻ വിട്ടുനിൽക്കാ റില്ല. നല്ല ആളുകൾ, സ്വാത്മപരിത്യാഗികൾ, അവ രെയും ആക്രമിക്കുന്നതിൽ നിന്ന് അവൻ വിട്ടു നില്ക്കാറില്ല. ഏതെങ്കിലും വിധത്തിൽ അവസരം കണ്ടെത്തി അവരുടെമേൽ ആക്രമണം നടത്തുന്നു. പറയുന്നു, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് കീഴെ ഉള്ളവരും ശയ്ത്വാന്റെ അതിസൂക്ഷ്മമായ കുഴപ്പങ്ങളെ കുറിച്ച് അറിയുന്നവരും രക്ഷക്കായി അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കുന്ന താണ്. എന്നാൽ, ബലഹീനരും, നിസ്സാരരുമായിരി ക്കുന്നവർ ഇടക്കിടക്ക് അകപ്പെട്ടു പോകുന്നു.(മൽ ഫൂദാത്ത് വാല്യം 6 പേജ് 426 1985 ലണ്ടൻപതി പ്പ്). വിശ്വാസി എപ്പോഴും അല്ലാഹുവിനോട് ശയ് ത്വാന്റെ എല്ലാ ദ്രോഹങ്ങളിൽനിന്നും നമ്മെ രക്ഷി ക്കുന്നതിന് ദുആയും ഇസ്തിഗ്ഫാറും ചെയ്തു കൊണ്ടിരിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇസ്തിഗ്ഫാറി ലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് ഒരു സ്ഥലത്ത് പറയുന്നു: അല്ലാഹു എന്നെന്നേക്കുംവേണ്ടി ഇസ് തിഗ്ഫാർ അനിവാര്യമാക്കിയിരിക്കുന്നു. മനുഷ്യൻ എല്ലാ തിന്മകളിൽനിന്നും അത് ആന്തരികമാകട്ടെ, ബാ ഹ്യമാകട്ടെ, അറിയുന്നതാകട്ടെ, അറിയാത്തതാകട്ടെ, കാലിന്റേയും, കൈയിന്റേയും, നാവിന്റേയും, മൂക്കി ന്റേയും, കണ്ണിന്റേയും, ചെവിയുടേയും തുടങ്ങി എല്ലാ തിന്മകളിൽ നിന്നും രക്ഷ കിട്ടാൻ ഇസ് തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. പറയുന്നു, ഇ ക്കാലത്ത് ആദം നബി(അ)യുടെ ദുആ ചെയ്യേ ണ്ടതാണ്. ആ ദുആ എന്താണ്? റബ്ബനാ ളലംനാ അൻഫുസനാ വ ഇൻല്ലം തഗ്ഫിർലനാ വതർ ഹംനാ ലനക്കൂനന്ന മിനൽഖാസിരീൻ(7:24) (മൽ ഫൂദാത്ത് വാല്യം 4 പേജ് 275 1985 ലണ്ടൻ പതി പ്പ്) ഞങ്ങളുടെ നാഥാ ഞങ്ങൾ ഞങ്ങളുടെ ജീവ നോട് തന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു, നീ ഞങ്ങൾക്ക് പൊറുത്തു തരുന്നില്ല എങ്കിൽ, ഞങ്ങളോട് കരുണകാണിക്കുന്നില്ല എങ്കിൽ ഞങ്ങൾ നഷ്ടപ്പെട്ടവരിൽ പെട്ടുപോകുന്നതാണ്.

പിന്നീട് മറ്റൊരു സ്ഥലത്ത് നമ്മെ ഉപദേശി ച്ചുകൊണ്ട് അവിടന്ന് പറഞ്ഞു, പ്രിയപ്പെട്ടവരേ, അല്ലാഹുവിന്റെ കല്പനകളെ ഒരു വിലയുമില്ലാത്ത രീതിയിൽ നോക്കിക്കാണുന്ന ഇക്കാലത്തെ ഫി ലോസഫിയുടെ വിഷം നിങ്ങളിൽ സ്വാധീനം ചെ ലുത്താതിരിക്കട്ടെ. ഒരു കൊച്ചു കുട്ടിയെപ്പോലെ ആയിത്തീർന്നുകൊണ്ട് അവന്റെ കല്പനകൾക്ക് കീഴിൽ നടന്ന് കൊള്ളുവിൻ. നമസ്കരിക്കുവിൻ, എന്തെന്നാൽ അത് എല്ലാ ശക്തികളുടേയും താ ക്കോൽ ആകുന്നു. നീ നമസ്കാരത്തിനായി എഴു ന്നേറ്റ് നില്ക്കുമ്പോൾ ആചാരമെന്ന നിലയിൽ അനു ഷ്ഠിക്കാതിരിക്കുക. മറിച്ച് നമസ്കാരത്തിന് മുമ്പേ എപ്രകാരമാണോ ബാഹ്യമായി വുളു ചെയ്യുന്നത്, അതുപോലെ ആന്തരിക വുളുകൂടി ചെയ്യുക. തങ്ങളുടെ അവയങ്ങളെ ദൈവേതര ചിന്തകളിൽ നിന്ന് കഴുകി വൃത്തിയാക്കുകയും ചെയ്യുക. ബാ ഹ്യമായ നിലയിൽ തങ്ങളുടെ അവയവങ്ങൾ വെള്ളംകൊണ്ടാണല്ലോ കഴുകുന്നത്. തങ്ങളുടെ ഹൃദയത്തേയും തങ്ങളുടെ അവയവങ്ങളേയും ആന്തരികമായ നിലയിലും എല്ലാ വിധത്തിലുള്ള ദൈവേതരങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കുക. അപ്പോൾ നിങ്ങൾ രണ്ട് വുളുവോടുകൂടി നമ സ്കാരത്തിനായി നില്ക്കുക. നമസ്കാരത്തിൽ ഒരുപാട് ദുആ ചെയ്യുക. കരയുന്നതും വിലപി ക്കുന്നതും നിങ്ങളുടെ ശീലമാക്കുക; നിങ്ങളിൽ കരുണ ചൊരിയുന്നതിനുവേണ്ടി. സത്യം അവ ലംബിക്കുക, കാരണം അവൻ നിങ്ങളെ കാണു ന്നുണ്ട്. എപ്പോഴും എല്ലാ കാര്യങ്ങളിലും സത്യ സന്ധത കൈക്കൊള്ളുക. എല്ലാ അവസ്ഥയി ലും അല്ലാഹു എന്നെ കാണുന്നുണ്ട് എന്ന ചി ന്തയുണ്ടായിരിക്കണം. നിങ്ങളുടെ ഹൃദയം എങ്ങനെ യുള്ളതാണെന്ന് അവൻ നോക്കിക്കൊണ്ടിരിക്കുന്നു. മനുഷ്യന് അവനെയും വഞ്ചിക്കാൻ സാധിക്കുമോ? അവന്റെ മുന്നിലും കുതന്ത്രങ്ങൾ വിലപ്പോകുമോ.? അങ്ങേയറ്റം നിർഭാഗ്യവാനായ മനുഷ്യൻ ദൈവം തന്നെയില്ല എന്നമട്ടിൽ തന്റെ ദ്രോഹപ്രവർത്തനങ്ങൾ പാരമ്യതയിൽ എത്തിക്കുന്നു. അപ്പോൾ അവൻ വളരെ പെട്ടെന്ന് നശിപ്പിക്കപ്പെടുന്നു. അല്ലാഹു അവനെ തെല്ലും വിലവെക്കുന്നതല്ല. പറയുന്നു, പ്രി യപ്പെട്ടവരേ! ഈ ലോകത്തിലെ കേവല തർക്ക ശാസ്ത്രം ഒരു ശയ്ത്വാനാണ്. ഈ ലോകത്തിന്റെ പൊള്ളയായ ഫിലോസഫി ഒരു ഇബ്ലീസാണ്. കേവലം തർക്കശാസ്ത്രവും ലോജിക്കും ഒക്കെ ശയ്ത്വാനിക കാര്യങ്ങളാണ്. വെറും ഇക്കാര്യ ങ്ങൾ മാത്രമല്ല, നമുക്ക് അല്ലാഹുവിനേയും അന്വേ ഷിക്കേണ്ടതായിവരും. പറഞ്ഞു: അത് ഈമാന്റെ പ്ര കാശത്തെ അങ്ങേയറ്റം നിഷ്പ്രഭമാക്കുന്നു. കേവലം തർക്കശാസ്ത്രത്തിന്റേയും, തത്ത്വശാസ്ത്രത്തിന്റേ യും മീതെ നടന്നാൽ ഈമാനിന്റെ പ്രകാശം മങ്ങി പ്പോകുന്നതാണ്. ഇത് നിർഭയത്വം ഉണ്ടാക്കുന്നു. വളരെ അടുത്തുതന്നെ നിരീശ്വരത്വത്തിൽ കൊണ്ടെ ത്തിക്കുകയും ചെയ്യും. അതിനാൽ നിങ്ങൾ അതി ൽ നിന്ന് നിങ്ങളെ സ്വയം രക്ഷിച്ചുകൊള്ളുക. ദരിദ്രന്റെയും മിസ്കീന്റെയും മനസ്സുണ്ടാക്കുക. ഒരു വിധത്തിലുള്ള മടിയും കാണിക്കാതെ കല്പനകൾ അംഗീകരിക്കുന്നവരായി മാറുക. ഒരു വിധത്തിലുള്ള മടിയും കൂടാതെ അല്ലാഹുവിന്റെ കല്പനകൾ അംഗീകരിക്കുന്നവരാകുക. കുട്ടി തന്റെ മാതാവ് പറയുന്ന കാര്യങ്ങൾ അനുസരിക്കുന്നതു പോ ലെ. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ തഖ്വ യുടെ ഉന്നത പടവുകളിൽ നിങ്ങളെ എത്തിക്കുന്നു. അതിലേക്ക് നിങ്ങൾ കാതോർക്കുക. അതിന് അനു സൃതമായി നിങ്ങളെ രൂപപ്പെടുത്തുക. (ഇസാലയെ ഔഹാം, റൂഹാനീഖസായിൻ വാല്യം 3 പേജ് 549)

ശയ്ത്വാന്റെ കാല്പാടുകളിലൂടെ നടക്കുന്നതിൽ നിന്ന് അല്ലാഹു നമ്മെ രക്ഷിക്കുമാറാകട്ടെ. അല്ലാ ഹുവിന്റെ മുന്നിൽ കുനിഞ്ഞും അവനോട് സഹാ യം ചോദിച്ചും അവന്റെ കല്പനകളിൽ നടക്കു ന്നവരായിത്തീരട്ടെ. വിശുദ്ധ ഖുർആന്റെ അധ്യാ പനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരട്ടെ. അല്ലാഹു നമുക്ക് ശയ്ത്വാനെ പരാജയപ്പെടുത്തുന്ന തന്റെ ആ പ്രിയപ്പെട്ടവനെ വിശ്വസിക്കാനുള്ള തൗ ഫീഖ് നല്കിയതിന് നന്ദി പ്രകടിപ്പിക്കുന്നവരായി തീരട്ടെ. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് ചെയ്തിരിക്കുന്ന ബയ്അത്ത് പ്രതിജ്ഞയുടെ കടമ നിറവേറ്റുന്നവരായിത്തീർന്നുകൊണ്ട് ശയ്ത്വാന്റെ എല്ലാ അക്രമങ്ങളേയും പരാജയപ്പെടുത്തുന്നവരിൽ അല്ലാഹു നമ്മെ ഉൾപെടുത്തുമാറാകട്ടെ. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

---

**– പേജ് 1ൽ നിന്ന്**

1. മനുഷ്യൻ സത്യമായ മതത്തിലായിരിക്കുമ്പോൾ സൽ ക്കർമങ്ങൾ അനുഷ്ഠിക്കുന്നതുകൊണ്ട് അല്ലാഹുവിൽനിന്ന് ഒരു സമ്മാനം നേടുന്നു എന്നതിലേക്കുള്ള സൂചനയാണിത്. സത്യമതക്കാരൻ തന്റെ പരിശ്രമംകൊണ്ട് ഏതുവരെ നട ക്കുകയും തന്റെ ശ്രമത്താൽ ചുവടുവെക്കുകയും ചെയ്യു ന്നവോ അതുവരെ എത്തി നിറുത്തിപ്പോകുകയില്ലെന്ന നി ലയിലാണ് ദൈവിക നടപടിക്രമം സംഭവിക്കുന്നത്. പ്ര സ്തുത അവന്റെ പരിശ്രമം അതുവരെ എത്തുകയും മാ നുഷികമായ കഴിവുകളുടെ ജോലി അവസാനിക്കുക യും ചെയ്തു കഴിഞ്ഞാൽ ദൈവകാരുണ്യം അവനിൽ പ്രവർത്തിക്കുകയും അവന് തന്റെ ശ്രമംകൊണ്ട് എ ത്താൻ കഴിയാതിരുന്ന നിലവരെ അറിവിലും കർമത്തി ലും ഈശ്വരജ്ഞാനത്തിലും ദൈവമാർഗം അവന് അഭി വൃദ്ധിനല്കുകയും ചെയ്യുന്നു. മറ്റൊരുസ്ഥലത്ത് വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ അതായത് നമ്മുടെ മാർഗത്തിൽ കഠിനാധ്വാനം ചെയ്യുന്നവരുടേയും തന്റെ കഴിവുകൊണ്ട് ചെയ്യാൻ പറ്റുന്നതൊക്കെ ചെയ്യു ന്നവരുടേയും കരങ്ങൾ ദൈവത്തിന്റെ കരുണ പിടിക്കു കയും അവരെക്കൊണ്ട് ചെയ്യാൻ പറ്റാതിരുന്ന ജോലി സ്വയം ചെയ്തുകാണിക്കുകയും ചെയ്യുന്നു.

2. അബ്ദുൽ ഹക്കീം ഖാന്റെ അഭിപ്രായത്തിൽ അയാ ളുടെ വാക്യത്തിൽനിന്ന് മനസ്സിലാകുന്നത് മതപരിത്യാഗിക്ക് ഇങ്ങനെയും ഒരു ഒഴികഴിവുണ്ടെന്നാണ്; അതായത് ഏതൊ രു വ്യക്തിക്കാണോ തന്റെ അഭിപ്രായത്തിൽ ഇസ്ലാം സത്യ മാണെന്നുള്ളതിന് മതിയാവോളം തെളിവ് ലഭിക്കാത്തത് അവന് ഇസ്ലാം ഉപേക്ഷിച്ചാലും മോക്ഷം പ്രാപിക്കാവുന്ന താണ്. കാരണം അവന് ഇസ്ലാം സത്യമാണെന്നതിന്ന് തൃപ് തി ലഭിച്ചില്ല. എന്നാൽ, എത്രത്തോളം ന്യായപൂർത്തിയാണ് അവന് ലഭിക്കേണ്ടതെന്ന് അയാൾ പറയേണ്ടതായിരുന്നു.

---


## നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


## ഹദീഥുന്നബ്വി(സ)

അദ്ദൂ സക്കാത്തക്കും:

നീ നിന്റെ സക്കാത്ത് കൊടുക്കുക.

**ത്വാലിബെ ദുആ: പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഹദീഥുന്നബ്വി(സ)

ഇഹ്ഫള് ലിസാനക്ക:

നീ നിന്റെ നാവിനെ കാത്തുസൂക്ഷിക്കുക

**ത്വാലിബെ ദുആ: എം.എ.മുഹമ്മദ് കോഴിക്കോട്**

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 23 JUNE 2016 Issue-16

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# ഇസ്‌ലാം: ശാന്തിയുടേയും സമാധാനത്തിന്റേയും മതം

**സുമയ്യ അദ്നാൻ**

(കണ്ണൂർ - കാസർഗോഡ് ജില്ല അടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ വനിത വിഭാഗമായ ലജ്ന ഇമായില്ലാഹ് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ നടത്തിയ പ്രബന്ധരചനാ മത്സരത്തിൽ പഴയങ്ങാടി മജ്‌ലിസ് അംഗമായ സുമയ്യ അദ്നാൻ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയുണ്ടായി. കഴിഞ്ഞ എസ്സ് എസ്സ് എൽ സി പരീക്ഷയിൽ എല്ലാ വിഷയത്തിലും A+ നേടിയ സുമയ്യ തലശ്ശേരി അദ്നാൻ സാഹിബിന്റേയും പഴയങ്ങാടി ഡോക്ടർ ഫരീദ സാഹിബയുടേയും മകളാണ്.)

''സമാധാനം' എന്നും ''കീഴ്‌വണക്കം' എന്നും അർത്ഥങ്ങളുള്ള ഒരു ധാതുവിൽനിന്നുണ്ടായ അറബിപദമാണ് ഇസ്‌ലാം. അല്ലാഹുവിന് വഴിപ്പെട്ടുകൊണ്ട്, എന്നു വെച്ചാൽ ദൈവഹിതത്തിന് അനുരോധമായ ജീവിതത്തിലൂടെ ഇഹത്തിലും പരത്തിലും ശാന്തി കൈവരിക്കുന്നതിനെയാണ് ആ പദം കുറിക്കുന്നത്. ഇങ്ങനെ ചെയ്യുന്നവനാണ് മുസ്‌ലിം.

സർവ്വശക്തനായ ദൈവത്തിന്റെ ഗുണനാമങ്ങളിലൊന്ന് ''സലാം' എന്നാകുന്നുവെന്ന് വിശുദ്ധഖുർആൻ പ്രതിപാദിക്കുന്നു. അവൻ സമാധാനത്തിന്റെ ഉറവിടം ആകുന്നു എന്നതാണതിന്റെയർത്ഥം. ദൈവം സമാധാനത്തിന്റെ ഉറവിടമാണെങ്കിൽ അവനിൽനിന്നുള്ള ശാന്തിയും സമാധാനവും ഒരു കൂട്ടരിൽ മാത്രം പരിമിതപ്പെടുത്താതെ അവന്റെ എല്ലാ സൃഷ്ടികളിലും മനുഷ്യകുലത്തിനെ മുഴുവനും വലയം ചെയ്യും.

സാർവ്വലൗകിക സാഹോദര്യവും സമത്വവും ഇസ്‌ലാംമതത്തിന്റെ പ്രകാശഗോപുരങ്ങളാകുന്നു. 1400 വർഷങ്ങൾക്ക് മുമ്പേ അജ്ഞാനം വീശിയ അന്ധകാരത്തിൽ വിജ്ഞാനത്തിൻ വെളിച്ചമാകുന്ന ദീപശിഖ ഉയർത്തിപ്പിടിച്ചാണ് ഇസ്‌ലാം അതിന്റെ പ്രയാണമാരംഭിച്ചത്. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ ഗുണങ്ങൾ അംഗീകരിച്ച് അതിരില്ലാത്തൊരു സ്നേഹസാമ്രാജ്യം കെട്ടിപ്പടുക്കാനാണ് നബി(സ) ശ്രമിച്ചത്. കാലത്തിന്റെ ചക്രവാളത്തിൽ പരമമായ കാരുണ്യത്തിന്റെയും ദയാവായ്പിന്റെയും പുഷ്പങ്ങൾകൊണ്ട് നക്ഷത്രപഥം തീർത്ത മതമാണ് ഇസ്‌ലാം. മതസഹിഷ്ണുതയുടെ പ്രാധാന്യത്തിന് ഇസ്‌ലാം നൽകുന്നത്ര ഉയർന്ന നിലവാരവും പ്രാമുഖ്യവും മറ്റെവിടെയെങ്കിലും കാണുക അസാധ്യമാണ്. ഇസ്‌ലാം മനുഷ്യരാശിയ്ക്കായി അയക്കപ്പെട്ട സത്യമതമാണ്. ഇസ്‌ലാം ചെയ്യുന്നതുപോലെ മറ്റൊരു മതവും ഇത്ര തുറന്നമനസ്സോടെ, സന്തോഷത്തോടെ ഓരോ വിശ്വാസത്തേയും ദേശത്തേയും പ്രകീർത്തിക്കുന്നില്ല. ഇസ്‌ലാം ഒരു പൗരോഹിത്യമതമല്ല. അതിന്റെ ന്യായപ്രമാണം വിശുദ്ധഖുർആൻ ആണ്. ഏകദൈവവിശ്വാസിയായ ഏതൊരാൾക്കും അതിൽ മുങ്ങിത്തപ്പി മുത്തുകൾ വാരാം. പ്രാർത്ഥനയ്ക്കു നേതൃത്വം നൽകാം. നമ്മുടെ ശ്രമം ന്യായത്തിന് വേണ്ടിയുള്ളതാണ്. നമ്മുടെ ശ്രമം മനുഷ്യനെ ഒന്നിപ്പിക്കുവാനും സമാധാനത്തിന്റെ അന്തരീക്ഷം സംജാതമാക്കുവാനുമുള്ളതാണ്. ക്രൂരമായി പെരുമാറരുതെന്നും, എല്ലായ്പ്പോഴും മനുഷ്യരുടെ അവകാശങ്ങളെ സംരക്ഷിക്കണമെന്നും, എല്ലാ മനുഷ്യരേയും എല്ലാ രാഷ്ട്രങ്ങളേയും അടിമത്തത്തിൽനിന്നും ചൂഷണത്തിൽനിന്നും മോചിപ്പിക്കണമെന്നുമാണ് ഓരോ മുസ്‌ലിമിനെയും ഇസ്‌ലാം പഠിപ്പിക്കുന്നത്.

ഇസ്‌ലാംമതം ഒരു സമാധാനസന്ദേശമാണ്. അതിന്റെ വാക്കർത്ഥം സൂചിപ്പിക്കുന്നതുപോലെതന്നെ ഏതൊരു ദിക്കിൽ ചെന്നാലും അവിടങ്ങളിലെല്ലാം സമാധാനത്തെ പുലർത്തേണ്ടത് യഥാർത്ഥ ഇസ്‌ലാംമതാനുവർത്തിയായ ഏതൊരാളുടെയും ധർമ്മമാണ്. ''എല്ലാ സ്തുതികളും ദൈവത്തിനുള്ളതാണ്. ദൈവം എല്ലാവർക്കുമുള്ളതാണ്'' എന്നതാണ് ഖുർആനിലെ ഒന്നാം വാക്യം. ഇതിന്റെ ഫലമായി സമാധാനത്തിന്റെ കൊടിക്കീഴിൽ സമാധാനം പ്രചരിപ്പിക്കുന്നതിനും വ്യാപനം ചെയ്യുന്നതിനുമായി ലക്ഷക്കണക്കിനാളുകൾ ഓരോ നിമിഷവും ചുമതലയേൽക്കുന്നു. ആഗോളാധ്യാപനം ഒന്നുമാത്രമേയുള്ളൂ. അത് ഇസ്‌ലാമികാധ്യാപനമാണ്. എല്ലാ ജനതകളിലേക്കും രാജ്യങ്ങളിലേക്കും പ്രവാചകൻ അയക്കപ്പെട്ടിട്ടുണ്ടെന്നും ഒരിക്കലുംതന്നെ അവരെ വ്യാജന്മാരായി കാണരുതെന്നും മുസ്‌ലിംകൾ വിശ്വസിക്കുന്നു. അതിനാൽ ഒരിക്കലുംതന്നെ മുസ്‌ലിംകൾക്ക് ദൈവത്തിൽനിന്നുള്ള പ്രവാചകരിലാരേയും അവമതിക്കാനോ പരിഹസിക്കാനോ അധിക്ഷേപിക്കാനോ കഴിയില്ലെന്നു മാത്രമല്ല ഏതെങ്കിലും മതാനുയായിയുടെ വികാരങ്ങളെ വ്രണപ്പെടുത്തുകപോലും സാധ്യമല്ല. എന്നാൽ, ഇസ്‌ലാമികസ്ഥാപകരെ വേദനിപ്പിക്കുന്ന രീതിയിൽ അപഹസിക്കുന്നതിനും മോശമായ ആരോപണമുന്നയിക്കുന്നതിനും ലഭിക്കുന്ന അവസരവും അമുസ്‌ലിംകൾ കൈവെടിയുകയില്ല. അങ്ങനെ മതവികാരങ്ങളെ അവർ ഗുരുതരമായ രീതിയിൽ വ്രണപ്പെടുത്തുന്നു. പക്ഷേ, മുസ്‌ലിംകളായ നമ്മളാഗ്രഹിക്കുന്നത് ഇതല്ല, മറിച്ച് മതസഹിഷ്ണുതയും പരസ്പരധാരണയുമാണ്.

ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) ഒരു ഖുത്ബയിൽ ഇങ്ങനെ വിവരിക്കുകയുണ്ടായി. ''യഥാർത്ഥത്തിൽ ഇസ്‌ലാമികാധ്യാപനം മനോഹരമാണ്. നിഷ്പക്ഷമതികളായവർക്ക് അതിന്റെ സൗന്ദര്യം അംഗീകരിക്കാതിരിക്കാൻ പറ്റുകയില്ല. വിശുദ്ധഖുർആനിൽ ഇസ്‌ലാമിന്റെ ഈ മനോഹരമായ അധ്യാപനങ്ങളെക്കുറിച്ച് വിവരണം ലഭിക്കുന്നുണ്ട്. അമുസ്‌ലിംകളോട് നല്ല രീതിയിൽ പെരുമാറേണ്ടതിനെക്കുറിച്ചും, മതത്തിൽ ഒരുതരത്തിലുള്ള ബലാൽക്കാരവും പാടില്ല എന്നതിനെക്കുറിച്ചുമൊക്കെ ഒരുപാട് കല്പനകളുണ്ട്. എന്നാൽ, ചില ഘട്ടങ്ങളിൽ യുദ്ധം ചെയ്യാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. പക്ഷേ, ശത്രുസമൂഹം അതിരുകടന്ന് പ്രവർത്തിക്കുകയും ഉടമ്പടികൾ ലംഘിക്കുകയും അനീതി കാണിക്കുകയും അക്രമങ്ങളിൽ അതിരുകടക്കുകയും ചെയ്യുമ്പോഴാണ് അത് ചെയ്യേണ്ടത്. എന്നാൽ ഇത് ഭരണകൂടമല്ലാതെ മറ്റേതെങ്കിലും ഗ്രൂപ്പിനോ ജമാഅത്തിനോ ചെയ്യാൻ അനുവാദമില്ല. എന്ത് ചെയ്യണമെന്നും എങ്ങനെ ഈ അക്രമത്തെ അവസാനിപ്പിക്കണമെന്നും തീരുമാനിക്കേണ്ടത് സർക്കാരാണ്. അല്ലാതെ ഏതെങ്കിലും ജിഹാദീ സംഘടന എഴുന്നേറ്റ് ഈ പ്രവൃത്തി ചെയ്യാൻ പാടില്ല.''

ഇസ്‌ലാമിക സംസ്കാരത്തിൽ സമാധാനത്തിൻ കൊടി വീശിയ അടിമുടി കാരുണ്യം നിറഞ്ഞയാളും മനുഷ്യകുലത്തിന്റെ ഉപകാരിയും മനുഷ്യാവകാശത്തിന്റെ മഹത്തായ സൂക്ഷിപ്പുകാരനുമാണ് നബി(സ) തിരുമേനി. അദ്ദേഹം യുദ്ധാവസരത്തിൽപോലും ശത്രുക്കൾക്ക് ആക്ഷേപിക്കാനുള്ള അവസരം നൽകിയിരുന്നില്ല എന്നത് വാസ്തവം. ജീവിതത്തിന്റെ ഓരോ നിമിഷവും കാരുണ്യത്തിന്റെ പ്രതീകമായി അവിടന്ന് നിലകൊണ്ടു. അവിടത്തെ ഹൃദയത്തിൻ അടിത്തട്ടിൽ തുടിച്ചുകൊണ്ടിരുന്ന കാരുണ്യത്തിന്റെ ഒരംശംപോലും മറ്റു ഹൃദയങ്ങളിൽ ദർശിക്കുക അസാധ്യം. സമാധാനാവസ്ഥയിലും യുദ്ധവേളയിലും വീട്ടിലും വെളിയിലും നിത്യജീവിതത്തിലും മറ്റു മതങ്ങളുമായുള്ള ഇടപാടുകളിലും അവിടന്ന് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും മതസഹിഷ്ണുതയുടെയും ഉദാത്തമായ മാതൃക സ്ഥാപിച്ചിരുന്നു.

''ലാ ഇക്റാഹ ഫിദ്ദീൻ' മതത്തിൽ ഒരു നിർബന്ധവുമില്ല എന്നതാണ് ഖുർആൻ പാഠം. ചിന്താസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കുന്ന അധ്യാപനങ്ങൾകൊണ്ട് സുരഭിലമാണ് ഇസ്‌ലാമിക ജീവിതഗാഥ. ഏകദൈവ വിശ്വാസമെന്ന മന്ത്രം ഉയർത്തിപ്പിടിച്ച് അല്ലാഹുവിന്റെ സ്ഥാനത്ത് മറ്റൊന്നിനെ പ്രതിഷ്ഠിക്കുന്നതിനെതിരെ ഉറച്ച നിലപാട് സ്വീകരിച്ചു ഇസ്‌ലാം. മതപരമായ കാര്യങ്ങളിൽ നിർബന്ധമില്ല എന്നതിന് ആ വിലയേറിയ ജീവൻ സാക്ഷിയായി. സഹിഷ്ണുതയുടെയും മതസ്വാതന്ത്ര്യത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും തെളിമയാർന്ന ഉദാഹരണങ്ങൾ ജീവിതത്തിലുടനീളം അവിടന്ന് കാണിച്ചുകൊണ്ടേയിരുന്നു.

വിശുദ്ധഖുർആനിൽ സർവ്വശക്തനായ അല്ലാഹു പറയുന്നു. ''നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനേ. എന്നിരിക്കെ ആളുകൾ വിശ്വാസികളായിത്തീരുന്നതിനായി നീ അവരെ നിർബന്ധിക്കുകയോ?'' ഈ വചനം വ്യക്തമായും പ്രസ്താവിക്കുന്നത് സർവ്വശക്തികളുടെ ഉടമസ്ഥനായ ദൈവത്തിന് എല്ലാ ജനങ്ങളേയുംകൊണ്ട് ഒരേമതം തന്നെ സ്വീകരിപ്പിക്കുവാൻ അനായാസേന കഴിയുമായിരുന്നുവെന്നാണ്. എന്നാൽ അവനതിനു പകരം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യന് നൽകി; വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം.

സർവ്വശക്തനായ ദൈവം വിശുദ്ധഖുർആനിൽ ഇങ്ങനെ പ്രസ്താവിക്കുന്നു. പറയുക, ഇത് നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവർ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ; ഇതാണ് ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനം.

ഒരുവന്റെ ഹൃദയമഭിലഷിക്കുന്നുവെങ്കിൽ അവന് ഇസ്‌ലാം മതം സ്വീകരിക്കാം. എന്നാൽ, ഒരുവന്റെ ഹൃദയമഭിലഷിക്കുന്നുവെങ്കിൽ അവനതു നിരാകരിക്കാനും സ്വാതന്ത്ര്യവുമുണ്ട്. അതുകൊണ്ടുതന്നെ ഇസ്‌ലാം പൂർണമായും ബലപ്രയോഗത്തിനും തീവ്രവാദത്തിനുമെതിരാണ്. ഇസ്‌ലാം ശിപാർശ ചെയ്യുന്നത് സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ള സ്നേഹവും സൗഹാർദ്ദവുമാണ്. കാരണം ''ഇസ്‌ലാം' എന്നതിന്റെ അർത്ഥംതന്നെ സമാധാനത്തിൽ ജീവിക്കുക, സമാധാനം മറ്റുള്ളവർക്ക് പ്രദാനം ചെയ്യുക എന്നതാണ്. മതത്തിലേക്ക് വിളിക്കേണ്ടത് ബുദ്ധിപൂർവ്വമായും സദുദ്ദേശ്യത്തോടുകൂടിയായിരിക്കണമെന്ന് ഖുർആൻ പറയുന്നു. അല്ലാതെ വാളെടുത്ത് ജിഹാദ് ചെയ്തുകൊണ്ട് മതത്തിലേക്ക് വിളിക്കുന്നത് ഖുർആനിക നിർദ്ദേശമല്ല. ''ഉദ്ഉ ഇലാ സബീലി റബ്ബിക്ക ബിൽഹിക്മത്തി വൽമൗഇളത്തിൽ ഹസന'' നിന്റെ റബ്ബിന്റെ മാർഗത്തിലേക്ക് യുക്തിജ്ഞാനത്തോടും സദുപദേശങ്ങൾ മുഖേനയും നീ വിളിക്കുക- എന്ന് ഖുർആൻ നിർദ്ദേശിക്കുന്നു. മതത്തിലേക്ക്, അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിന് സമ്മർദ്ദമോ ഭീഷണിയോ ഒന്നുംതന്നെ പാടില്ല.(തുടരും)

## ഹദീഥുന്നബവി(സ)

അദ്ദീനുന്നസ്വീഹ : ദീനിന്റെ ആകെത്തുക മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കലാണ്.

ത്വാലിബെ ദുആ: കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.

## ഹദീഥുന്നബവി(സ)

അർഹാമുക്കും അർഹാമുക്കും: നിങ്ങളുടെ ബന്ധുക്കൾ നിങ്ങളുടെ ബന്ധുക്കൾത്തന്നെയാണ്.

ത്വാലിബെ ദുആ: കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin